# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്. എ. കെ. കെ. ഡി. പി. 2/1825/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്. എ. കെ. കെ. ഡി. പി. 2/1825/2023 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ .കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2023 | 24-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2023 | 24-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈന. എ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസ്റി പി പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ മനോജ്കുമാർ കെ | സെക്രട്ടറി | 01-04-2022 | 16-04-2022 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-04-2022 | 15-05-2022 |
| ശ്രീ മനോജ്കുമാർ കെ | സെക്രട്ടറി | 16-05-2022 | 07-10-2022 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2022 | 16-10-2022 |
| ശ്രീ അൻസു.ഒ.എ | സെക്രട്ടറി | 17-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുജീബ് പി സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 26-04-2022 |
| ഡോ. സുനിൽ കുമാർ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 27-04-2022 | 31-03-2023 |
| ശ്രീമതി. ജ്യോതിലക്ഷ്മി | ഐ.സിഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ സിസിൻ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-12-2022 |
| ശ്രീമതി.സുമില.കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2023 | 31-03-2023 |
| ശ്രീ അനിൽ കുമാർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജീന.കെ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ ഡോ.വിക്രാന്ത് വി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ സാജിത് അഹമ്മദ്. എ കെ | കൃഷി ഓഫീസർ | 01-04-2022 | 08-12-2022 |
| ശ്രീമതി.അഞ്ജലി. എ. ഹരി | കൃഷി ഓഫീസർ | 09-12-2022 | 31-03-2023 |
| ഡോ. ബിനോയ് | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2022 | 14-06-2022 |
| ഡോ. ഷാഹിദ് | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 15-06-2022 | 31-03-2023 |
| ശ്രീ സന്ദീപ്. വി | വി.ഇ.ഒ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-1 |
| 3 | ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല. | 1-1-2 |
| 4 | അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-3 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ അപാകത. | 1-1-4 |
| 6 | സി.എഫ്.സി ഫണ്ട് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക B-4 സ്റ്റേറ്റ് മെന്റിൽ ബാധ്യതയായി കാണിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി നടത്തുന്നില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-10 |
| 12 | ചെലവഴിക്കാത്ത ഗ്രാന്റ് തുക മുഴുവനും അതിനായുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | എ.സി.ആർ കണക്കുകളിലെ അപാകത | 1-1-12 |
| 14 | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ വകയിരുത്തലുകളായി കാണിച്ചില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (രസീത് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ടാക്സ് ഓഡിറ്റ് | 1-8 |
| 22 | തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല. | 1-9 |
| 23 | തെറ്റായ ഇനത്തിൽ അളവു രേഖപ്പെടുത്തി - കരാറുകാരന് അധിക തുക ലഭിച്ചു | 1-10 |
| 24 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകി | 1-11 |
| 25 | പി.എച്ച്.സി.സബ്സെന്റർ ചുറ്റുമതിൽ - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-12 |
| 26 | പി.എച്ച്.സി യിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-13 |
| 27 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - ചെലവു തുകയുടെ രശീതി, പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-14 |
| 28 | പി.എച്ച്.സി യിലേക്ക് ലാപ്പ് ടോപ്പ് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 2,55,475 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-16 |
| 30 | ജൈവമാലിന്യ സംസ്കരണത്തിന് ബിൻ വിതരണം - ആവശ്യത്തിലധികം ബിന്നുകൾ വാങ്ങി വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. | 1-17 |
| 31 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-18 |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമായില്ല | 1-19 |

| | | |
|---|---|---|
| 33 | അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അംഗീകൃത ഏജൻസിക്ക് തുക നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 34 | പട്ടികജാതി വനിതകൾക്ക് പെണ്ണാട് വിതരണ പദ്ധതി - ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയില്ല | 1-21 |
| 35 | ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകി - ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്ന് തുക തിരിച്ചടവാക്കി | 1-22 |
| 36 | അതി ദരിദ്രർക്കും അഗതി രഹിതപദ്ധതിയിലുൾപ്പെട്ടവർക്കും പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച | 1-23 |
| 37 | ടേക്ക് എ ബ്രേക്ക് - പ്രവർത്തന സജ്ജമായില്ല | 1-24 |
| 38 | അങ്കണവാടി അനുപൂരക പോഷകാഹാരം - Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല. | 1-25 |
| 39 | നിർമ്മാണ പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല – ഇൻഷ്വർ ചെയ്യാത്തവരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-26 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിൽ അപാകത | 1-27 |
| 41 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതിരുന്നതും മറ്റപാകതകളും | 1-28 |
| 42 | അഡ്വാൻസ് നൽകിയ തുകകൾ തിരികെ ലഭ്യമാക്കിയില്ല | 1-29 |
| 43 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു - ബാങ്ക് ചാർജ് ഇനത്തിൽ നഷ്ടം | 1-30 |
| 44 | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയില്ല | 1-31 |
| 45 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെറ്റായ ഇനത്തിൽ അളവ് രേഖപ്പെടുത്തി - കരാറുകാരന് അധിക തുക ലഭിച്ചു | 3-1 |
| 2 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകി | 3-2 |
| 3 | പി.എച്ച്.സി.സബ്സെന്റർ ചുറ്റമതിൽ - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 3-3 |
| 4 | പി.എച്ച്.സി യിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01-07-2023 ലെ 1/1/2023 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 16/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**1-1-1 ഇ – ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല**

LID EW അസിസ്റ്റന്റ് എഞ്ചിനീയർ ഇ–ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ഇ–ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഇതിനായി എ. ഇ യുടെ പേരിൽ 24.7.2023 ൽ മാത്രമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൌണ്ട് തുടങ്ങിയിട്ടുള്ളത്. കൂടാതെ നാളിതുവരെ ടെണ്ടർ ഫീ ആയി ലഭിക്കേണ്ടിയിരുന്ന തുക റിസീവബിൾസായി ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഫീ ലഭ്യമാക്കുന്നതിനുള്ള നടപടികളും റിസീവബിൾസായി ഉൾപ്പെടുത്താത്തതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്.

**1-1-2 ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൌണ്ടിൽ ക്രെഡിറ്റാകുന്നില്ല.**

SBI E-payment അക്കൌണ്ടിന്റെ 31.3.2023 ലെ റീക്കൺസീലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ആയി ചേർത്ത 64,626/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. തുടർ മാസങ്ങളിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റുകൾ പരിശോധിച്ചതിൽ തുടർ മാസങ്ങളിൽ ഇത്തരത്തിൽ ക്രമീകരിക്കാനുള്ള തുകകൾ ക്രമീകരിച്ചിട്ടും മാർച്ച് മാസത്തെ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു. ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തിൽ ഓൺലൈൻ ആയി അടവാക്കുന്ന വിവിധ ഫീസുകളും നികുതികളും അത് അടവാക്കുന്ന സമയത്ത് തന്നെ പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രെഡിറ്റ് ആകുന്നില്ല.

**1-1-3 അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.**

പാലക്കുറ്റി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ NREGS ഡിഡക്ഷൻ അക്കൌണ്ട് എന്ന പേരിലുള്ള 41657552370 നമ്പർ അക്കൌണ്ട്, എളേറ്റിൽ കാനറ ബാങ്കിലുള്ള ഹെൽത്ത് ഗ്രാന്റ് ബിൽഡിങ്ങിനുള്ള 110042454260 നമ്പർ അക്കൌണ്ട് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ഇടപാടുകൾ ഇല്ലെങ്കിലും വാർഷിക കണക്കിൽ ഈ അക്കൌണ്ടിന്റെ വിശദാംശങ്ങൾ കാണിക്കേണ്ടതാണ്.

**1-1-4 ബാങ്ക് റിക്കൺസിലിയേഷൻ അപാകത.**

31.3.2023 ൽ VPFA 2, 3 എന്നീ ട്രഷറി അക്കൌണ്ടുകളിൽ നീക്കിയിരിപ്പുണ്ടായിരുന്ന യഥാക്രമം 16,792, 313 എന്നീ തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 1.4.2022, 31.3.2023 തിയ്യതികളിൽ ഇതേ തുക തന്നെ മുന്നിരിപ്പും നീക്കിയിരിപ്പുമായി K-(1) എന്ന പേരിലാണ് അക്കൌണ്ട് കാണുച്ചിട്ടുള്ളത്. അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-5 സി.എഫ്.സി ഫണ്ട് ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ് തുക B-4 സ്റ്റേറ്റ് മെന്റിൽ ബാധ്യതയായി കാണിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റ് B-17 സ്റ്റേറ്റ് മെന്റ് പ്രകാരം ബാങ്ക് ബുക്കിൽ 5105680 രൂപയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ ഈയിനത്തിൽ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം 4938505 രൂപയാണ് ബാധ്യതയായി കാണിച്ചിട്ടുള്ളത്. ബാധ്യതയായി കാണിച്ച തുകയിൽ 167175 രൂപ കുറവായി കാണിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയത് 3264243 രൂപയാണ്. ഈ കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി കാണിച്ചിട്ടുള്ളത് 18543654 രൂ പയാണ്.

**1-1-8 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി നടത്തുന്നില്ല.**

1.4.2022 ന് നിലവിലുള്ള വസ്തു നികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷത്തിൽ അസസ് ചെയ്യപ്പെടുന്ന വസ്തു നികുതി ഉൾപ്പെടെയുള്ള അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്മെന്റ് റജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. എന്നാൽ 2022-23 വർഷത്തെ വസ്തു നികുതി ശീർഷകത്തിലെ ഡിമാന്റ് എൻട്രികൾ പരിശോധിച്ചതിൽ വർഷത്തിൽ രണ്ട് തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 27.1.2023 ലും 31.3.2023 ലും മാത്രം. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ വരുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിന് സാധ്യമായ രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-10 ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി കൃത്യമായി അക്കൌണ്ട് ചെയ്തിട്ടില്ല.**

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പല ഇനങ്ങളിലും നീക്കിബാക്കി ഉണ്ട്. എന്നാൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻഷീറ്റ് B-14 പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് ക്ലോസിങ്ങ് സ്റ്റോക്ക് ആയി കാണിച്ചിട്ടുള്ള 45,300 രൂപയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

**1-1-11 ചെലവഴിക്കാത്ത ഗ്രാന്റ് തുക മുഴുവനും അതിനായുള്ള അക്കൌണ്ടിൽ സൂക്ഷിക്കുന്നില്ല**

ചെലവഴിക്കാൻ അവശേഷിക്കുന്ന ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം ബാലൻസ്ഷീറ്റ് B-4 സ്റ്റേറ്റ്മെന്റ് പ്രകാരം 8,45,185/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിനായുള്ള ബാങ്ക് അക്കൌണ്ടിൽ (കിഴക്കോത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ - 3866) 5,883/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

### 1-1-12 എ.സി.ആർ കണക്കുകളിലെ അപാകത

ACR ൽ കൃത്യമായ ചെലവ് പ്രതിഫലിക്കുന്നില്ല. സെക്രട്ടറി ചെലവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് തന്നെ ACR ചെലവായി കാണിക്കുകയും ഏതെങ്കിലും സാഹചര്യത്തിൽ ബിൽ പാസാകാതിരിക്കുമ്പോൾ ഈ തുക ACR ൽ ചെലവായി തന്നെ തുടരുകയും ചെയ്യുന്നുണ്ട്.

### 1-1-13 സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ വകയിരുത്തലുകളായി കാണിച്ചില്ല

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 158/23, 159/23 എന്നീ പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റുകൾ വകയിരുത്തിയിട്ടുള്ള തുകകൾ യഥാക്രമം 135000, 218189 എന്നിവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ പ്രത്യേകം വകയിരുത്തലുകളായി കാണിക്കാതെ ആകെ അടങ്കൽ കോളത്തിൽ മാത്രമാണ് കാണിച്ചിട്ടുള്ളത്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24/03/2022 ലെ 1/1 നമ്പർ തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 18/03/2023 ലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (രസീത് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19130956 |
| വരവ് | 51018133 |
| ആകെ | 70149089 |
| ചെലവ് | 47753890 |
| നീക്കിയിരിപ്പ് | 22395199 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19869000 | 19869000 | 18112871 | 1756129 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4923999 | 4923999 | 4465946 | 458053 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8640000 | 8640000 | 8213911 | 426089 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5924000 | 5924000 | 5924000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 157126 | 157126 | 157103 | 23 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് ( ബാങ്ക് മുഖേന) | 471086 | 3489640 | 3960726 | 3609884 | 350842 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 1850120 | 1850120 | 1523784 | 326336 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 2678645 | 4959000 | 7637645 | 3049982 | 4587633 |

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ ചുവടെ നൽകുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതി | നടപ്പിലാക്കിയ പദ്ധതികളുടെ | പദ്ധതി അടങ്കൽ | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|

| | കളുടെ എണ്ണം | എണ്ണം | | | |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 23 | 12909846 | 6493450 | 50.1% |
| അസി. സെക്രട്ടറി | 6 | 6 | 1827599 | 1803919 | 98.7% |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 10 | 7 | 8026055 | 7437118 | 92.7% |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി.) | 13 | 13 | 3774025 | 3660191 | 97% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 1320000 | 1320000 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 23 | 19 | 44868627 | 12532235 | 27.9% |
| കൃഷി ഓഫീസർ | 9 | 9 | 4341834 | 3261542 | 75.1% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1330000 | 1225196 | 92.1% |
| വെറ്ററിനറി സർജൻ | 7 | 7 | 2905000 | 2555000 | 87.9% |
| ഹെഡ് മാസ്റ്റർ | 4 | 3 | 615536 | 554933 | 90.2% |
| അസി. എഞ്ചിനീയർ | 95 | 79 | 22834805 | 17743369 | 77.7% |
| ആകെ | 209 | 172 | 104753327 | 58586953 | 55.9% |

ഡി.പി.സി. അഗീകാരം ലഭിച്ച 209 പ്രൊജക്ടുകളിൽ 172 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 10,47,53,327 /- രൂപ വകയിരുത്തിയതിൽ 5,85,86,953/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്.

## 1-6 ആഭ്യന്തര നിയന്ത്രണം

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ച് പോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ചു നൽകിക്കൊണ്ടുള്ള ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ യഥാസമയങ്ങളിൽ വിളിച്ചു ചേർത്തിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവുകളുടേയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ്.

അസി. എഞ്ചിനീയർ ചന്ദ്രിക ദിനപ്പത്രത്തിൽ 24-11 2022 ന് നല്കിയ ടെണ്ടർ പരസ്യത്തിൽ തീയതികളിൽ തെറ്റ് വന്നതിനാൽ 25-11-22 ന് തിരുത്തൽ പരസ്യം നല്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2023 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,104/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

ഗ്രാമപഞ്ചായത്തുകൾക്ക് പിരിച്ചെടുക്കാൻ അധികാരപ്പെട്ട നികുതികൾ വസ്തു നികുതി, തൊഴിൽ നികുതി, സർവ്വീസ് ഉപനികുതി എന്നിവയാണ്. നിലവിൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് ഈടാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ തനത് വരുമാനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങളും നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

### വസ്തുനികുതി

05/04/2023 ലെ സ.ഉ(അച്ചടി)25/2023 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച പരിധികൾക്ക് വിധേയമായി കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 20/05/23 ലെ 4/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം കരട് വിജ്ഞാപനം ചെയ്യുകയും 30/07/23 ലെ 2/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അന്തിമമാക്കുകയും ചെയ്തു. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്.

### ഫീൽഡ് തല പരിശോധനകൾ

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള വിവരശേഖരണം നടത്തിയിട്ടില്ല. എന്നാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

**ആസ്തി രജിസ്റ്ററിലെ റോഡുകളുടെ എണ്ണവും തരവും അതേപടി സഞ്ചയയിലെ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ നികുതി നഷ്ടം സംഭവിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 500 റോഡുകളാണ് ഉള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്നതിനാൽ എല്ലാ റോഡുകളും ഇതിൽ ഉൾപ്പെട്ടിട്ടില്ല. സഞ്ചയ റോഡ് മാസ്റ്റർ പ്രകാരം 329 റോഡുകളാണുള്ളത്. ആസ്തി രജിസ്റ്റർ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള പല റോഡുകളും സഞ്ചയ റോഡ് മാസ്റ്ററിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ളവ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി നിർണയിക്കുമ്പോൾ റോഡുകളുടെ വീതിക്ക് അനുസൃതമായി വർദ്ധനവ് വരുത്തുമ്പോൾ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇത് കാരണമാകുന്നു.

ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 (1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21 (1) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലുള്ള വരവ് 13,29,920 രൂപയാണ്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് പൂർണ്ണമല്ല. ( ഖണ്ഡിക 1-9 കാണുക ) തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ, സ്വകാര്യ സ്കൂൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നതോടൊപ്പം പ്രസ്തുത കെട്ടിടങ്ങളിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ, ജീവനക്കാരുടെ, ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ശേഖരിക്കാവുന്നതാണ്.

2. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരിച്ചതിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4. തൊഴിൽ നികുതിഡിമാന്റ് നൂറ് ശതമാനം കൈവരിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

5. റോഡ് വികസനത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ റോഡ് മാസ്റ്റർ കാലികമാക്കേണ്ടതാണ്.

6. ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

## 1-9 തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 - ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2022-23 വർഷത്തെ അസി. എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ നല്കുന്നു.

| കരാറുകാരന്റെ പേര് | ചെയ്ത പ്രവൃത്തികളുടെ എണ്ണം |
|---|---|
| അഷ്‌റഫ് പി | 1 |

| | |
|---|---|
| ഷൈജു സി കെ | 1 |
| ഷക്കീസ് എം | 25 |
| ഹാഷിം എം വി | 4 |
| ഋതു എം വി | 38 |
| സി പി അബ്ദുൽ റസാക്ക് | 7 |
| അബ്ദുൽ ബാസിത് | 2 |
| ഷൈജേഷ് എ പി | 1 |
| സത്യൻ എം | 1 |
| പ്രമോദ് കെ എം | 1 |
| കിഷോർ പി ഈ | 1 |
| അഷ്റഫ് വി | 1 |
| അബ്ദുൽ റാഷിദ് | 1 |

ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3. ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| |
|---|
| ജാവേദലി കെ. സി, കരുണിച്ചാലിൽ, വാവാട് പി. ഓ, കൊടുവള്ളി |
| മുഹമ്മദ് റഷീദ് പി. പി, പൂവത്തിങ്കൽ ഹൗസ്, എളേറ്റിൽ പി. ഓ, കൊടുവള്ളി |
| രതീഷ് പി. എസ്, ഏബിൾ കൺസ്ട്രക്ഷൻസ്, പൂളക്കമണ്ണിൽ ഹൗസ്, കിഴക്കോത്ത് |
| സൈനുദ്ദീൻ എം, മേപ്പൊയിൽ ഹൗസ്, കിഴക്കോത്ത് പി. ഓ |
| മുഹമ്മദ് ജംഷീദ് പി, അൻവർ സാലിത്ത് & അബ്ദുൽ റഷീദ് , വെറുമ്പൽ ഹൗസ്, കിഴക്കോത്ത് പി. ഓ |
| മുഹമ്മദ് കോയ കെ. കെ, കയ്യൂത്തിയാലുങ്കൽ ഹൗസ്, എളേറ്റിൽ, കൊടുവള്ളി |
| മുഹമ്മദ് ഷഹീർ കെ. കെ, കാരക്കുന്നുമ്മൽ ഹൗസ്, കിഴക്കോത്ത് |

ടി കരാറുകാർ/എഞ്ചിനീയർമാർ മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

**1-10 തെറ്റായ ഇനത്തിൽ അളവു രേഖപ്പെടുത്തി - കരാറുകാരന് അധിക തുക ലഭിച്ചു**

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് : പി.എച്ച്.സി. സബ്സെന്റർ നവീകരണം, 142/23

അടങ്കൽ : 2,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 1,99,340/- (81,878/- ബിൽ നം. 362/29.3.23

1,17,462/- ബിൽ നം. 42/30.6.23)

ആവിലോറ സബ്സെന്ററിന്റെ മുറ്റം ഷീറ്റിടുന്നതിനാണ് ഈ പദ്ധതി. ടെണ്ടർ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ ഹാഷിം എം. കെ എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നിർവ്വഹണം നടത്തി. പ്രവൃത്തി ഫയലും, അളവു പുസ്തകവും പരിശോധിച്ചതിൽ ഷീറ്റിടുന്നതിനുള്ള റാഫ്റ്ററിന്റെ അളവ് തെറ്റായി ഷീറ്റിന്റെ ഇനത്തിൽ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റിൽ മൂന്നാമത്തെ ഇനമായി പ്രൈസിലെ 50.10.1 എന്നയിനവും (സ്റ്റീൽ വർക്കിന്), അഞ്ചാമത്തെ ഇനമായി OD യുമാണ് (പ്രീകോട്ടഡ് ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ്) ഉൾപ്പെടുത്തിയത്. 50.10.1 എന്നയിനത്തിൽ യഥാർത്ഥത്തിൽ 198.952 Kg സ്റ്റീലും, അഞ്ചാമത്തെ ഇനത്തിൽ 57.445$m^2$ അളവിൽ ഷീറ്റും ഉപയോഗിച്ചു. എന്നാൽ സ്റ്റീലിന്റെ അളവിൽ 67.6 Kg മാത്രം ഇനം 50.10.1 ൽ ഉൾപ്പെടുത്തുകയും, ബാക്കി 131.352 Kg അളവ് തെറ്റായി ഷീറ്റിന്റെ അളവിനൊപ്പം രേഖപ്പെടുത്തുകയും ചെയ്തു. ഇതു മൂലം ഷീറ്റിന്റെ അളവിൽ വർദ്ധനവുണ്ടാകുകയും, അധിക നിരക്കിൽ കരാറുകാരന് തുക നൽകുകയും ചെയ്തു. വിശദാംശം ചുവടെ കൊടുക്കുന്നു.

| യഥാർത്ഥ അളവ്/നൽകേണ്ട തുക | തെറ്റായി കണക്കാക്കിയത്/നൽകിയ തുക | വ്യത്യാസം |
|---|---|---|

| സ്റ്റീൽ | | |
|---|---|---|
| 67.6 Kg + 131.352 Kg = 198.952<br>198.952x 191.08=38015.75 | 67.6 Kg<br>67.6x 191.08 = 12917.01 | 25098.74 (കുറവ്) |
| **ഷീറ്റ്** | | |
| 57.445m$^2$<br>57.445 X 603.02=34640.48 | 57.445m$^2$ + 131.352=188.797<br>188.797x 603.02=113848.37 | 79207.89 (അധികം) |
| ആകെ വ്യത്യാസം | | **54109.15/-** അധികം |

മേൽ വിവരിച്ച രീതിയിൽ കരാറുകാരന് അധികമായി **54,109/-** രൂപ **+ 18% GST** നൽകിയത് തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകത സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

**1-11 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകി**

നിർവ്വഹണം : അസി. എഞ്ചിനീയർ
പ്രൊജക്ട് : 27/23, ടേക്ക് എ ബ്രേക്ക്
അടങ്കൽ : 7,72,109/- കേന്ദ്രാവിഷ്കൃത ഫണ്ട്
ചെലവ് : 6,09,502/- വൗ. നം. 22200806/6.3.23

മേൽ പദ്ധതിയിൽ നിർമ്മിച്ച ടോയ് ലെറ്റിന്റെ എസ്റ്റിമേറ്റിലും, അളവു പുസ്തകത്തിലും ഒരു വാൾ മൗണ്ട് W.C, ഒരു യൂറോപ്യൻ ക്ലോസറ്റ് (പെഡസ്റ്റൽ ടൈപ്പ്), ഒരു ഇന്ത്യൻ W.C എന്നിങ്ങനെയാണ് ഉൾപ്പെടുത്തിയതും അളവ് രേഖപ്പെടുത്തി തുക നൽകിയതും. ഇതിനായി ഉൾപ്പെടുത്തിയ ഇനങ്ങളും അവയുടെ നിരക്കും യഥാക്രമം 17.78 - 16407.87/-, 17.22 - 6088.84/-, 17.1.1 – 6421.62/- എന്നിവയാണ്. ഓഡിറ്റിന്റെ ഭാഗമായി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഈ നിർമ്മാണം 22.11.23 ന് നേരിൽ സന്ദർശിച്ചപ്പോൾ, ടോയ് ലെറ്റിൽ ഒരു ഇന്ത്യൻ W.C യും ഒരേ വിധത്തിലുള്ള രണ്ടു യൂറോപ്യൻ ക്ലോസറ്റുകളു (പെഡസ്റ്റൽ ടൈപ്പ്) മാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടു. എന്നാൽ രണ്ടു യൂറോപ്യൻ ക്ലോസറ്റിന്റെ നിരക്ക് 6164x2 = 12,328/- രൂപയ്ക്കു പകരം, 16,612 + 6,164 = 22,776/- രൂപ (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്) കരാറുകാരന് നൽകി. ഇപ്രകാരം എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റ് നിരക്ക് നൽകിയതിനാൽ 10,448/- + 18% GST രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായി. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ WC സ്ഥാപിച്ചിട്ടും, ആയത് മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കാതെ തെറ്റായ രീതിയിൽ രേഖപ്പെടുത്തൽ നടത്തിയത് വിശദീകരിക്കേണ്ടതാണ്. നേരിൽ പരിശോധിച്ച് അളവുകൾ രേഖപ്പെടുത്തുമ്പോൾ ഇത്തരത്തിലുള്ള വലിയ പിഴവുകൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത് പഞ്ചായത്തിൽ നടത്തിയ മറ്റു പ്രവൃത്തികളുടെ കാര്യത്തിലും ആശങ്കയുണ്ടാക്കുന്നു. കേവലം സാധാരണക്കാർക്കു പോലും ക്ലോസറ്റുകൾ തമ്മിലുള്ള ഈ വ്യത്യാസം മനസ്സിലാകുമെന്നിരിക്കെ സാങ്കേതിക ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ച ഓഡിറ്റ് ഗുരുതരമായി വിലയിരുത്തുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അധികമായി ചെലവഴിച്ച

തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-12 പി.എച്ച്.സി.സബ്സെന്റർ ചുറ്റുമതിൽ – തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്**

സബ്സെന്ററിന് ചുറ്റുമതിൽ നിർമ്മാണത്തിനായി 3,00,000 രൂപ സംരക്ഷണ ഗ്രാന്റ് റോഡിതരം അടങ്കലിൽ തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ഈ പദ്ധതിയ്ക്കായി ബിൽ നം. 358/28.3.23 പ്രകാരം 2,99,972/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ/പ്രവൃത്തികൾ Dismantling DR, Earth Work, DR Masonry, Intermediate Belt, Solid Block Masonry, Plastering, Applying Primer എന്നിവയാണ്. ടെണ്ടർ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തിയേൽപ്പിച്ചു. പ്രവൃത്തി നടന്നു വരവേ എസ്റ്റിമേറ്റ് പുതുക്കുകയും, ആയതിനനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ആദ്യ എസ്റ്റിമേറ്റിൽ നിന്നുള്ള പ്രധാനമായ മാറ്റങ്ങൾ ഇവയാണ്. (1) Dismantling DR ഉം, പൊളിച്ചെടുത്ത കല്ലുപയോഗിച്ചുള്ള കരിങ്കൽ കെട്ടും ഒഴിവാക്കി. (2) കരിങ്കൽ കെട്ടിനിടയിൽ ബെൽറ്റ് നിർമ്മാണത്തിനുള്ള സ്റ്റീലിന്റെ അളവിൽ വൻവർദ്ധനയുണ്ടായി. (82.5 Kg എന്നത് 184.314 Kg ആയി) (3) സാധാരണ മണ്ണിൽ കിളയെടുക്കുന്നതിനു പുറമേ ഒന്നര മുതൽ നാലു മീറ്ററോളം ഉയരത്തിൽ ഹാർഡ് റോക്കിൽ ബ്ലാസ്റ്റിംഗ് നടത്തുന്ന പ്രവൃത്തി ഉൾപ്പെടുത്തി. പദ്ധതി ഫയൽ, അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങളിൽ അവ്യക്തത കണ്ടു.

- 13.3.23 ലെ 16(1) നമ്പർ തീരുമാനപ്രകാരമാണ് ഭരണസമിതി എസ്റ്റിമേറ്റ് പുതുക്കുന്നതിന് അംഗീകാരം നൽകിയത്. ഇതിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന്റെ കാരണമായി രേഖപ്പെടുത്തിയത് ഫൗണ്ടേഷന്റെ എർത്ത് വർക്ക് 30cm കട്ടിംഗ് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും, സൈറ്റിൽ 3 മീറ്ററിൽ കൂടുതൽ ഉയരത്തിൽ എർത്ത് വർക്ക് കട്ടിംഗ് ആവശ്യമായി വന്നതിനാൽ കൂടുതലായി വന്ന അളവ് ഉൾപ്പെടുത്തി പുതുക്കുന്നുവെന്നാണ്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഹാർഡ് റോക്ക് ബ്ലാസ്റ്റിംഗ് ആണ്.
- ഇ - എം. ബുക്ക് പ്രകാരം 54.375m$^3$ അളവിൽ ഹാർഡ് റോക്ക് പൊട്ടിച്ചിട്ടുണ്ട്. എന്നാൽ പൊട്ടിച്ചെടുത്ത കല്ലിന്റെ സ്റ്റാക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ഈ കല്ല് കരിങ്കൽ കെട്ട് നിർമ്മാണത്തിൽ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.
- ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ Dismantling DR ഒഴിവാക്കാനുണ്ടായ കാരണവും, ബെൽറ്റ് നിർമ്മാണത്തിൽ സ്റ്റീലിന്റെ അളവ് വർദ്ധിക്കാനുണ്ടായ കാരണവും എസ്റ്റിമേറ്റ് പുതുക്കിയ സാഹചര്യത്തിൽ വിശദീകരിച്ചിട്ടില്ല.
- എസ്റ്റിമേറ്റുകൾ സ്ഥലപരിശോധന നടത്തിയാണ് തയ്യാറാക്കുന്നത്. ഈ പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വലിയ അളവിലുള്ള ഹാർഡ് റോക്ക് എസ്കവേഷൻ ശ്രദ്ധയിൽപ്പെടാതിരുന്നതെന്തുകൊണ്ടാണെന്നും വ്യക്തമല്ല.

മേൽ അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി സ്ഥലം 22.11.23 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് ഹാർഡ് റോക്കിന്റെ സാന്നിദ്ധ്യമില്ലെന്നും, നിർമ്മാണത്തിന് വേണ്ടി വന്നത് മൺത്തിട്ട ഒഴിവാക്കലാണെന്നും ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ മൺത്തിട്ട ഒഴിവാക്കുന്നതിന് ഹാർഡ് റോക്ക് എസ്കവേഷന്റെ (ബ്ലാസ്റ്റിംഗ്) ഇനം ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈയിനത്തിൽ താഴെ ചേർക്കും വിധം പഞ്ചായത്തിന് അധിക ചെലവുണ്ടായി.

| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം/ചെലവായ തുക | യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ടയിനം/വരുമായിരുന്ന ചെലവ് | അധികമായി ചെലവഴിച്ചത് |
|---|---|---|

| | | |
|---|---|---|
| 2.7.2 @ 722.11<br>54.375m$^3$ X722.11 = 39,264.73 | 2.6.1 (മണ്ണ് കട്ടിംഗ് ആയതിനാൽ) @ 215.37<br>54.375m$^3$ X215.37 = 11,710.74 | 27,554/- |

മുകളിൽ വിവരിച്ച പ്രകാരം അധികം ചെലവഴിച്ച 27,554/ രൂപ + 18% GST തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

**1-13 പി.എച്ച്.സി യിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പദ്ധതി - 109/23

ചെലവ് - 259292/- (മെയിന്റനൻസ് ഗ്രാന്റ്)

ബിൽ - 258192-113/31.12.22, 1100-268/15.3.23

പി.എച്ച്.സിയിൽ 3 KW പവർ ഉള്ള സൌരോർജ നിലയം സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിനായി താഴെ കാണിച്ച പ്രകാരം 2,58,192/- രൂപ അനെർട്ടിന് പദ്ധതി നിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്.

| | |
|---|---|
| പവർ പ്ലാന്റിന്റെ ചെലവ് (65000x3 KWP) | 195000 |
| കെ.എസ്.ഇ.ബി അനുമതി രജിസ്ട്രേഷൻ | 4720 |
| ഗോവണി നിർമ്മാണം | 25000 |
| മറ്റു ചെലവുകൾ | 10000 |
| സർവ്വീസ് ചാർജ് | 23472 |
| ആകെ | 258192 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) അനെർട്ട് 17.12.22 ൽ മെഡിക്കൽ ഓഫീസർക്കയച്ച കത്ത് നമ്പർ 10/spv-gen/anert/kkd-22-23 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ സൌരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ചെലവിന്റെ 10% അനെർട്ട് ഇൻസെന്റീവ് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. 2023 ഫെബ്രുവരിയ്ക്ക് മുൻപെ അനെർട്ടിന്റെ ജില്ലാ കാര്യാലയം മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി സ്ഥാപിക്കുന്ന സോളാർ നിലയങ്ങൾക്കാണ് ഇൻസെന്റീവ് ലഭിക്കുക. ഇവിടെ ഇൻസെന്റീവ് ആയി 25,819/- രൂപ അനെർട്ടിൽ നിന്നും ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2) സോളാർ പാനൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, സ്റ്റോക്ക് എന്നിവ ഹാജരാക്കിയില്ല.

3) പ്ലാന്റിൽ നിന്നും വൈദ്യുതി ലഭ്യമാകുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിയിൽ 1,100/- രൂപ വൈദ്യുതി ബിൽ ഈ പദ്ധതിയിൽ നിന്ന് അടച്ചിട്ടുള്ളത് എന്തിനാണെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 25,819/- രൂപ ഈടാക്കി സർക്കാർ ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-14 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന

പ്രോജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ രശീതി, പൂർത്തീകരണ / വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 145/23 | ഡി. പി. സി. സെക്രട്ടേറിയറ്റ് രണ്ടാം നില നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | 2,00,000 – വികസന ഫണ്ട് - ജനറൽ | ജില്ലാ കളക്ടർ, കോഴിക്കോട് 2,00,000 – ബിൽ നമ്പർ – 314/22-23, തീയതി 1.11.2022 |
| 2 | 126/23 | ഐ. കെ. എം. വിഹിതം നൽകൽ | 75,000 – വികസന ഫണ്ട് - ജനറൽ | ഐ. കെ. എം. തിരുവനന്തപുരം 75,000 – ബിൽ നമ്പർ – 319/22-23, തീയതി 1.11.2022 |
| 3 | 123/23 | അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ | 30,000 – വികസന ഫണ്ട് - ജനറൽ | കേരള വാട്ടർ അതോറിറ്റി, കോഴിക്കോട് 30,000 – ബിൽ നമ്പർ – 628/22-23, തീയതി 22.10.2022 |
| | | ആകെ | 3,05,000 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 7/2022-23 തീയതി 21.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 3,05,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 പി.എച്ച്.സി യിലേക്ക് ലാപ് ടോപ് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ - പി.എച്ച്.സി

പദ്ധതി - 107/23

ചെലവ് - 50000/- (മെയിന്റനൻസ് ഗ്രാന്റ്)

ബിൽ - 220/6.3.23

50000 രൂപ വകയിരുത്തി പി.എച്ച്.സി യിലേക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കെൽട്രോണിന്റെ പ്രോഫോർമ ഇൻവോയ്സ് പ്രകാരം 48276 രൂപ ലാപ്പ്ടോപ്പ് ലഭ്യമാക്കുന്നതിന് കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ 25.3.23 ന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായപ്പോൾ 46418 രൂപയ്ക്കുള്ള സാധനങ്ങളാണ്

ലഭ്യമായത്. നൽകിയ തുകയിൽ ബാക്കി 1858 രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ് ആയി ഈടാക്കിയത് അംഗീകരിക്കാനാവില്ല. ഇതിനു പുറമേ പദ്ധതി അടങ്കലിൽ ബാക്കിയുള്ള തുക വിനിയോഗിക്കുന്നതിനായി 1724 രൂപയ്ക്ക് ലോക്കൽ പർച്ചേസ് ആയി വി-ടെക്ക് സോല്യൂൻ എന്ന സ്ഥാപനത്തിൽ നിന്ന് കീ ബോർഡ്, മൌസ് ടർബോ, സ്പീക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ എടുത്തിട്ടുമില്ല. കെൽട്രോണിൽ നിന്ന് വാങ്ങിയ കമ്പ്യൂട്ടറിന്റെ ബിൽ പരിശോധിച്ചതിൽ ഈ ആക്സസറികളെല്ലാം കെൽട്രോണിൽ നിന്നു തന്നെ ലഭ്യമായിട്ടുണ്ട്. വീണ്ടും ഇങ്ങനെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 3582 രൂപ (1858+1724) സർക്കാർ ഫണ്ടിൽ അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 3582 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 2,55,475 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നം./പേര് | 3/23<br>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 3,00,000/- (ബിൽ നം. 719/22-23 തീയതി 14.12.2022 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

മേൽ പ്രോജക്ട് പ്രകാരം കിഴക്കോത്ത് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 3,00,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി ( ഓഡിറ്റ് തീയതി വരെ - 18.11.2023 വരെ ) 44,525 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ ( 2,55,475 രൂപയുടെ ) ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 18.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നത് വരെ മേൽപ്രകാരമുള്ള 2,55,475 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 ജൈവമാലിന്യ സംസ്കരണത്തിന് ബിൻ വിതരണം - ആവശ്യത്തിലധികം ബിന്നുകൾ വാങ്ങി വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി – 156/23

ചെലവ് തുക - 894600 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ - 284/18.3.23

ഗ്രാമ പഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി 472 ബൊക്കാഷി ബക്കറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 18.1.23 ന് നടന്ന ടെണ്ടറിൽ ഒരു യൂണിറ്റിന് 2840 രൂപ ക്വോട്ട് ചെയ്ത ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽ എന്ന സ്ഥാപനത്തെ

തെരഞ്ഞെടുക്കുകയും 4.2.23 ൽ കാരറിലേർപ്പെടുകയും ചെയ്തു. 4.3.23 ന് 350 യൂണിറ്റ് ബൊക്കാഷി ബക്കറ്റുകൾ സപ്ലൈ ഓർഡർ നൽകി ഇറക്കുകയും പഞ്ചായത്ത് വിഹിതമായ 894600(2556x350) രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി 312 ഗുണഭോക്താക്കളാണ് അപേക്ഷിച്ചിട്ടുള്ളത്. ഈ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി 284 രൂപ വീതം പിരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക പ്രൊജക്ടിന്റെ അടങ്കൽ തുകയിൽ ഉൾപ്പെട്ടിട്ടില്ല. വാങ്ങിയ ഗുണഭോക്തൃ വിഹിതം തുക വകയിരുത്തിയിട്ടില്ല. കൂടാതെ 2, 10, 14, 15, 16 വാർഡുകളിലെ ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിൽ ആനുകൂല്യം നൽകിയിട്ടില്ല.

വാങ്ങിയ ബൊക്കാഷി ബിന്നുകളിൽ 312 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ളവ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുയാണ്.
ആവശ്യകതയ്ക്കനുസരിച്ചല്ലാതെ ബൊക്കാഷി ബിന്നുകൾ വാങ്ങി വിതരണം ചെയ്യാതെ വച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ അധികം വാങ്ങിയ 38 ബിന്നുകൾക്ക് ചെലവഴിച്ച 97128 (38x2556) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-18 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി – 234/23

ചെലവ് തുക - 204900 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ - 370/29.3.23

ഗ്രാമ പഞ്ചായത്തിൽ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന് 18.11.21 ലെ ജി.ഓ (ആർ.ടി) 2307/2021/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം താഴെ കാണിച്ച പ്രകാരം കെൽട്രോണിന് 2,04,900/- രൂപ അനുവദിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക |
|---|---|
| സർവ്വീസ് ചാർജ് | 135700 |
| SMS ചാർജ് | 7200 |
| പ്രിന്റിങ്ങ് @ സപ്ലൈ ഓഫ് QR കോഡ് | 12000 |
| ലാപ്പ്ടോപ്പ് | 50000 |
| ആകെ | 2049 |

30.3.2023 ൽ ഗ്രാമ പഞ്ചായത്ത് കെൽട്രോൺ, ശുചിത്വ മിഷൻ എന്നിവരുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയും കെൽട്രോണിന് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി ഈ സംവിധാനം പ്രവർത്തന സജ്ജമാക്കിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 204900 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമായില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - 181/23

ചെലവ് - 350000

ബിൽ നമ്പർ - 190/22.2.23

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉൾപ്പെടെ ഗുണഭോക്താവിന് 12500 രൂപ വീതം 28 ഗുണഭോക്താക്കളുടെ കിടാരികൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് 350000 രൂപ അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ 350000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-20 അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അംഗീകൃത ഏജൻസിക്ക് തുക നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി -188/23

ചെലവ് - 817000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ - 40/27.9.22

ഹരിത കർമ്മസേന ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന റിജക്ടഡ് അജൈവ വസ്തുക്കൾ കൈയ്യൊഴിയുന്നതിന് ഏജൻസിക്ക് തുക നൽകുന്നതിനാണ് 2022-23 വർഷത്തിൽ പുതിയ പദ്ധതിയായി നടപ്പിലാക്കിയത്. 3/22 മുതൽ 9/22 വരെയുള്ള കാലയളവിൽ നീക്കം ചെയ്തിട്ടുള്ള അജൈവ വസ്തുക്കൾ കൈയ്യൊഴിയുന്നതിന് ഗ്രീൻ വേംസ് സൊല്യൂഷൻ എന്ന സ്ഥാപനത്തിന് പണം നൽകുന്നതിനാണ് പദ്ധതി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ നടപടികളിലെ അപാകതകൾ

8,17,000/- രൂപ ചെലവഴിച്ച ഈ പദ്ധതിയിലെ ഏജൻസിയെ തെരഞ്ഞെടുത്തത് ഇ-ടെണ്ടർ വഴിയല്ല. 2021-22 വർഷത്തിൽ ഇതിനായി 118/22 നമ്പർ പദ്ധതിയിലേക്ക് 8.10.21 ന് മാന്വലായി ടെണ്ടർ നടത്തി. കാരണം ആ പദ്ധതിയിൽ വകയിരുത്തിയിരുന്ന തുക 2,00,000/- രൂപയായിരുന്നു. ടെണ്ടറിൽ പങ്കെടുത്ത 7 ഏജൻസികളിൽ നിന്ന് തെരഞ്ഞെടുത്ത ഗ്രീൻവേംസ് സ്വെല്യൂഷൻ എന്ന സ്ഥാപനവുമായി (കിലോയ്ക്ക് 5.25) 19.11.22 ന് കരാറിലേർപ്പെടുകയും ചെയ്തു. ഒരു വർഷക്കാലത്തേയ്ക്ക് പത്ത് ലക്ഷത്തിലധികം രൂപ ഇതിന് ചെലവ് വരുമെന്ന് അറിയാമായിരുന്നിട്ടും മുൻ വർഷത്തെ രണ്ട് മാസത്തെ ചെലവ് മാത്രം പരിഗണിച്ച് ഇ ടെണ്ടർ ഒഴിവാക്കി പദ്ധതി നടപ്പിലാക്കി.

2) ടെണ്ടർ തിരുത്തിയത് സംബന്ധിച്ച്

ടെണ്ടറിൽ പങ്കെടുത്ത Eco We Pulse Waste Managemement എന്ന സ്ഥാപനം ടെണ്ടർ ഫോറത്തിൽ റിജക്റ്റഡ് വെയ്സ്റ്റിന്റെ വിലയായി ക്വാട്ട് ചെയ്തിട്ടുള്ള കിലോയ്ക്ക് 5.10 എന്നത് തിരുത്തി 6.10 എന്നാക്കി മാറ്റിയാണ് 5.25 രൂപ ക്വോട്ട് ചെയ്തിട്ടുള്ള ഗ്രീൻ വേംസ് എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളത്.

3) അജൈവ മാലിന്യത്തിന്റെ അളവിലെ അപാകത.

ഗ്രാമ പഞ്ചായത്തിൽ നിന്ന് ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ തൂക്കി അളവെടുത്തതിന്റെ ബിൽ ഗ്രീൻ വേംസ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. അജൈവമാലിന്യങ്ങൾ ഏറ്റവും അടുത്ത തൂക്ക കേന്ദ്രത്തിൽ നിന്ന് (Weigh Bridge) തൂക്കണം എന്ന നിബന്ധന പാലിച്ചില്ല. 10.3.22, 11.3.22, 24.3.22 എന്നീ തിയ്യതികളിലെ 7670 കിലോ ലോഡുകൾ തൂക്കം എടുത്തിട്ടുള്ളത് പന്തീരാങ്കാവിലെ പാറാഡൺ വെയ് ബ്രിഡ്ജിൽ നിന്നാണ്. 24.3.22 ലെ 2970 കിലോ തൂക്കിയിട്ടുള്ളത് കുന്ദമംഗലത്തെ ഭാരത് ഇലക്ട്രോണിക്ക് വെയ്ബ്രിഡ്ജ് എന്ന സ്ഥാപനത്തിലാണ്. ബാക്കിയെല്ലാം തൂക്കമെടുത്തത് താമരശ്ശേരിയിലെ വി. കെ ഇലക്ട്രോണിക്സ് വെയ് ബ്രിഡ്ജ് എന്ന സ്ഥാപനത്തിൽ നിന്നാണ്. മാത്രമല്ല മാലിന്യങ്ങൾ തൂക്കം എടുക്കുന്നത് ഗ്രാമ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലായിരിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

4) അജൈവ മാലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ ഹരിതകർമ്മസേന വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ പുല്ലാഞ്ഞിമേട്ടുള്ള ഗോഡൌണിൽ എത്തിക്കുകയും അവിടെ വെച്ച് മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. ഇവിടത്തെ ഉപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ സ്ഥാപനം സംസ്കരിക്കുന്നത് എങ്ങനെയെന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5) ഹരിത കർമ്മ സേനയെ സ്വയം പര്യാപ്തമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ അജൈവ മലിന്യ സംസ്കരണത്തിന്റെ ചുമതല ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എന്ന സ്ഥാപനത്തിനാണ് 3.2.23 മുതൽ കരാർ നൽകിയിട്ടുള്ളത്. ഹരിതകർമ്മസേന വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ ഗ്രീൻ വേംസ് ഇക്കൊ സൊല്യൂഷൻസിന്റെ പുല്ലാഞ്ഞിമേട്ടുള്ള ഗോഡൌണിൽ എത്തിക്കുകയും അവിടെ വെച്ച് മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. ഈ സ്ഥാപനവുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം ഹരിത കർമ്മ സേന വീടുകളിൽ നിന്ന് പിരിക്കുന്ന യൂസർ ഫീസ്, ഉപയോഗയോഗ്യമായ മാലിന്യം വിറ്റുകിട്ടുന്ന വരുമാനം, അവർക്ക് മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്നതിന് വാഹനം എന്നിവ ഗ്രാമ പഞ്ചായത്ത് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷന് ലഭ്യമാക്കുന്നുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾ ലഭ്യമാക്കിയ കണക്ക് പ്രകാരം 2022 ഫെബ്രുവരി മുതൽ അവർ വീടുകളിൽ നിന്ന് പിരിച്ചെടുത്ത് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷന് അടവാക്കിയിട്ടുള്ള തുകയുടെയും ഹരിത കർമ്മ സേനയ്ക്ക് നൽകിയ വേതനത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഹരിത | ഹരിത |
|---|---|---|

| | കർമ്മ സേന യൂസർ ഫീസ് ഇനത്തിൽ പിരിച്ചെടുത്ത് അടവാക്കിയ തുക | കർമ്മ സേനയ്ക്ക് വേതനമായി ലഭ്യമായ തുക |
|---|---|---|
| ഫെബ്രുവരി/2023 | 310695 | 150950 |
| മാർച്ച് /2023 | 202270 | 148230 |
| ഏപ്രിൽ/2023 | 278820 | 159760 |
| മെയ്/2023 | 312130 | 159177 |
| ജൂൺ/2023 | 182510 | 96138 |
| ജൂലൈ/2023 | 149300 | 72948 |
| ആഗസ്ത്/2023 | 311050 | 156703 |
| സെപ്തംബർ/2023 | 284350 | 157647 |

ഹരിത കർമ്മ സേനയ്ക്ക് സ്വന്തമായി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സൌകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടില്ല. സ്വന്തമായി എം.സി.എഫ് ഇല്ലാത്തതിനാലാണ് ഗ്രീൻ വേസ്റ്റ് ഇക്കോ സൊല്യൂഷൻ എന്ന സ്ഥാപനത്തെ ആശ്രയിക്കേണ്ടി വരുന്നത്. നിലവിൽ പ്രതിദിനം 450 രൂപയാണ് അവർ ഹരിത കർമ്മസേനാംഗങ്ങൾക്ക് നൽകുന്നത്. ഹരിത കർമ്മ സേനയ്ക്ക് എല്ലാ സൌകര്യങ്ങളും ഗ്രാമ പഞ്ചായത്ത് ഒരുക്കുകയാണെങ്കിൽ മേൽകാണിച്ച പ്രകാരം യൂസർഫീ പിരിക്കുന്നതിലൂടെയും വേർതിരിക്കുന്ന ഉപയോഗ്യയോഗ്യമായ അജൈവമാലിന്യങ്ങൾ വിൽപ്പന നടത്തുന്നതിലൂടെയും വലിയ വരുമാനം ആർജിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് ഈ ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ഹരിത കർമ്മ സേനയെ സ്വയം പര്യാപ്തമാക്കാൻ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-21 പട്ടികജാതി വനിതകൾക്ക് പെണ്ണാട് വിതരണ പദ്ധതി - ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് തുക നൽകിയില്ല**

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വനിതകൾക്ക് പെണ്ണാടുകളെ നൽകുന്നതിനുള്ള പദ്ധതിയിൽ (124/23) ഗുണഭോക്താവായ ശ്രീമതി. സരോജിനി, ചെറിയ പാലോറമ്മൽ എന്ന ഗുണഭോക്താവിന് പെണ്ണാടുകളെ വിൽപ്പന നടത്തിയ ശ്രീമതി . ശാന്ത ടി. എം എന്നവരുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സ്റ്റേറ്റ്മെന്റിൽ കാണിക്കുകയും പഞ്ചായത്തിലെ വാർഷികകണക്ക് പ്രകാരം ചെലവായതുമായ 15,000 രൂപ, തുക ലഭ്യമാവേണ്ട ശ്രീമതി. ശാന്ത ടി. എം ന് ലഭ്യമായിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ ബിൽ പെയ്മെന്റ് സ്റ്റാറ്റസ് പരിശോധിച്ചതിൽ തുക ടിയാന്റെ അക്കൌണ്ടിലേക്ക് ക്രഡിറ്റായതായി UTR സ്റ്റേറ്റ് മെന്റ് ജനറേറ്റ് ചെയ്ത് വരുന്നുണ്ട്. പ്രസ്തുത ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിൽ വന്ന അപാകത മൂലമാണ് തുക ക്രെഡിറ്റാകാതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. സാംഖ്യാ ലോഗിനിൽ ബിൽ കറക്ഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ വികസന ഫണ്ടിൽ നിന്ന് നൽകിയ 11250 രൂപ (ബിൽ നമ്പർ 247/15.3.23 ) ഗവൺമെന്റ് അക്കൌണ്ടിലേക്ക് തിരിച്ച് പോയി എന്ന് കാണിക്കുന്നുണ്ട്. ശ്രീമതി. സരോജിനി ഗുണഭോക്തൃവിഹിതമായി പഞ്ചായത്തിൽ അടച്ച 3750 രൂപയും (ബിൽ നമ്പർ 248/15.3.23 ) ശ്രീമതി. ശാന്ത ടി. എം ന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതും ശ്രീമതി. ശാന്ത ടി. എം ന് ലഭ്യമായിട്ടില്ല. ഗുണഭോക്തൃ

വിഹിതമായി നൽകിയ തുക തിരികെ ലഭ്യമാക്കിയതിന്റെ വിശദാംശവും ഗുണഭോക്താവിന് സബ്സിഡി നൽകാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-22 ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകി – ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്ന് തുക തിരിച്ചടവാക്കി**

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് നം: വിവിധ അംഗൻവാടികളുടെ നവീകരണം, 139/23

അടങ്കൽ : 12,17,802/- സംരക്ഷണ ഗ്രാന്റ് റോഡിതരം

ചെലവ് : 12,17,801/- ബിൽ നം. 357/28.3.23

പഞ്ചായത്ത് പരിധിയിലെ നാല് അംഗൻവാടികളുടെ നവീകരണ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് (11.34% കുറവ്) ക്വാട്ട് ചെയ്ത റിത്തു എം. വി എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് മേൽ ബിൽ പ്രകാരം കരാറുകാരന് തുക നൽകി. ഓഡിറ്റിന്റെ ഭാഗമായി 22.11.23 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ മേൽ അംഗൻവാടികളിൽ മൂന്നെണ്ണത്തിൽ പരിശോധന നടത്തി. പ്രവൃത്തികളുടെ വിശദാംശം പരിശോധിച്ചതിൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയ പല പ്രവൃത്തികളും യഥാർത്ഥത്തിൽ നടന്നിട്ടില്ലെന്ന് കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| അംഗൻവാടി | സ്ഥിതി വിവരം |
|---|---|
| കാളികുന്ന് അംഗൻവാടി | എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും രേഖപ്പെടുത്തിയ സ്റ്റെയിൻലെസ് സ്റ്റീൽ AISI-304 Orissa Pattern WC Pan, 110mm PVC Pipe Concealed Work 9.8m എന്നിവ യഥാർത്ഥത്തിൽ ചെയ്തിട്ടില്ല. അംഗൻവാടി കെട്ടിടം നിർമ്മിച്ച സമയമുള്ള ക്ലോസറ്റാണ് നിലവിലുള്ളതെന്ന് ടീച്ചർ അറിയിച്ചു. നിലവിലുള്ളത് വിട്രിയസ് ടൈപ്പ് ഇന്ത്യൻ WC ആണ്. |
| എളേറ്റിൽ അംഗൻവാടി | എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും രേഖപ്പെടുത്തിയ സ്റ്റെയിൻലെസ് സ്റ്റീൽ AISI-304 Orissa Pattern WC Pan, 110mm PVC Pipe Concealed Work 11.2m എന്നിവ യഥാർത്ഥത്തിൽ ചെയ്തിട്ടില്ല. നിലവിലുള്ളത് പഴയ വിട്രിയസ് ടൈപ്പ് ഇന്ത്യൻ WC ആണ്. Construcing Brick Work Masonry Road Gully Chamber 50x45x60 രണ്ടെണ്ണം നിർമ്മിച്ചതായി അളവു പുസ്തകത്തിലുണ്ടെങ്കിലും ഈ പ്രവൃത്തി നടത്തിയിട്ടില്ല. മുറ്റത്ത് സ്ഥാപിച്ച വാഷ് ബേസിന്റെ ഔട്ട് ലെറ്റ് വാഷ് ബേസിനു താഴെ തന്നെ വെള്ളം വീഴുന്ന വിധത്തിൽ പൈപ്പ് ഘടിപ്പിച്ചിരിക്കയാൽ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. |
| കച്ചേരിമുക്ക് അംഗൻവാടി | എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും രേഖപ്പെടുത്തിയ സ്റ്റെയിൻലെസ് സ്റ്റീൽ AISI-304 Orissa Pattern WC Pan, 110mm PVC Pipe Concealed Work 10m എന്നിവ യഥാർത്ഥത്തിൽ ചെയ്തിട്ടില്ല. നിലവിലുള്ളത് പഴയ വിട്രിയസ് ടൈപ്പ് ഇന്ത്യൻ WC ആണ്. Construcing Brick Work Masonry Road Gully Chamber 50x45x60 മൂന്നെണ്ണം നിർമ്മിച്ചതായി അളവു പുസ്തകത്തിലുണ്ടെങ്കിലും ഈ പ്രവൃത്തി നടത്തിയിട്ടില്ല. അടുക്കളയിൽ നിലവിലുണ്ടായിരുന്ന സ്ലാബിൽ ടൈൽ ഇടുക മാത്രമാണ് ചെയ്തതെന്ന് ടീച്ചർ അറിയിച്ചു. അളവു പുസ്തകത്തിൽ സ്ലാബ് നിർമ്മാണമുൾപ്പെടെ (സെന്ററിംഗ്, സ്റ്റീൽ, കോൺക്രീറ്റ്) രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു സ്റ്റീൽ ഡോർ സ്ഥാപിച്ചതായി രേഖപ്പെടുത്തിയത് ചെയ്തിട്ടില്ലെന്ന് ടീച്ചർ അറിയിച്ചു. നിലവിലുള്ള സ്റ്റീൽ ഡോറുകൾ ആദ്യമേ ഉള്ളവയാണ്. ചുറ്റുമതിൽ മുഴുവനായി നിർമ്മിച്ചിട്ടില്ലെന്നും, പൊളിച്ചു കളഞ്ഞ റെയിൻവാട്ടർ |

| | |
|---|---|
| | ഹാർവെസ്റ്റിംഗ് ടാങ്കിന്റെ സമീപം മാത്രമാണ് കോമ്പൗഡ് വാൾ നിർമ്മിച്ചതെന്നും, മറ്റിടങ്ങളിൽ ഉയരം കൂട്ടുകയാണുണ്ടായതെന്നും പരിശോധനാ സമയം ഉണ്ടായിരുന്ന ടീച്ചറും ഹെൽപ്പറും അറിയിച്ചു. |

മുകളിൽ വിവരിച്ച വിധം ചെയ്യാത്ത പ്രവൃത്തികളുടെ അളവു രേഖപ്പെടുത്തി ബിൽ തുക നൽകിയതിനാൽ താഴെ ചേർക്കും വിധം അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| പ്രവൃത്തി | അളവു പുസ്തകത്തിലെ അളവ് | അളവു/ചെക്ക് മെഷർ തിയ്യതി | നൽകിയ തുക |
|---|---|---|---|
| Providing And Fixing Water Closet Squatting Pan (Indian Type W.C. Pan) ...........Stainless Steel AISI-304 (18/8) Orissa Pattern W.C. Pan Of Size 585x 480 With Flush Pipe And Integrated Type Foot Rests | 3 എണ്ണം | 28.3.23/28.3.23 | 3x10252=30756 |
| Construcing Brick Masonry Raod Gully Chamber 50x40x60 Cm With Bricks...........With Common Burnt Clay F.P.S(non Modular) Bricks Of Class Designation 7.5 | 5എണ്ണം | 28.3.23/28.3.23 | 5x5470.31=27351.55 |
| Providing And Fixing 1 Mm Thick M.S. Sheet Door With Frame Of 40x40x6 Mm Angle Iron And 3 Mm ..........Using M.S. Angels 40x40x6 Mm For Diagonal Braces | കച്ചേരിമുക്ക് 1 എണ്ണം 1.848$m^2$ | 28.3.23/28.3.23 | 1.848x6414=11853 |
| Providing And Fixing PVC Pipes, Fittings Including............... Concealed Work, Including Cutting Chases And Making Good The Wall Etc. 110 Mm Pipe 4 Kgf/cm2 | 31 മീറ്റർ | 28.3.23/28.3.23 | 31x 622.68=19303 |
| Reinforced Cement Concrete Work In Beams, Suspended Floors, Roofs..............with 1:1.5:3(1 Cement: 1.5 Coarse Sand: 3 Graded Stone Aggregate 20mm Nominal Size) | കച്ചേരിമുക്ക് കിച്ചൻ സ്ലാബ് 0.14$m^3$ | 20.3.23/21.3.23 | 0.14x10176=1424.64 |
| Centering And Shuttering Including Strutting, Etc. And Removal Of Form For: Suspended Floors, Roofs, Landings, Balconies And Access Platform | കച്ചേരിമുക്ക് കിച്ചൻ സ്ലാബ് 1.2$m^2$ | 18.3.23/19.3.23 | 1.2x721=865.2 |
| Steel Reinforcement For R.C.C Work Including.......... Thermo - Mechanically Treated Bars Of Grade Fe-500D Or More | കച്ചേരിമുക്ക് കിച്ചൻ സ്ലാബ് 9.64 Kg | 18.3.23/ 19.3.23 | 9.64x86=829.04 |
| ആകെ | | | 92,382.43 |

ഈ വിധം 92,382.43/- രൂപ + 18% GST കരാറുകാരന് അനർഹമായി നൽകിയത് ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്ന് 23.11.2023, 24.11.2023 എന്നീ തിയ്യതികളിലെ രസീത് നമ്പർ 1230902031/G111003, 1230902060/G111003 പ്രകാരം യഥാക്രമം 92,383/- രൂപ, 16,629/- രൂപ

എന്നിങ്ങനെ തിരികെ ഈടാക്കിയിട്ടുണ്ട്. തിരികെ ലഭ്യമാക്കിയ തുക സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ചെയ്യാത്ത അളവ് രേഖപ്പെടുത്താനുണ്ടായ സാഹചര്യത്തിന് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി അമിത ജോലി ഭാരവും വർഷാവസാനം പഞ്ചായത്ത് ഫണ്ട് ലാപ്സായി പോകാതിരിക്കാൻ തിരക്കിട്ട നിർവ്വഹണത്തിനിടയിൽ സംഭവിച്ച അപാകതയാണെന്നുമാണ്. ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനും ഇത് പരിശോധിക്കാതിരുന്നത് ഗുരുതര വീഴ്ചയാണ്. മറുപടിയിൽ വിവരിച്ച പ്രകാരം അമിതജോലി ഭാരം ഉണ്ടായിരിക്കാമെങ്കിലും ചെയ്യാത്ത ഇനത്തിന്റെ അളവ് രേഖപ്പെടുത്തിയതെങ്ങനെയെന്ന് വ്യക്തമല്ല. മാത്രമല്ല ചെയ്യാതിരുന്ന പല പ്രവൃത്തികളും എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രായിനങ്ങളായി ഉൾപ്പെടുത്തിയവയായിരുന്നു എന്നത് അപാകതയുടെ ഗൗരവം കൂട്ടുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സംവിധാനം പഞ്ചായത്തിൽ ഒട്ടും ഫലപ്രദമല്ലെന്ന് ഈ പ്രവൃത്തിയിൽ നിന്നും വ്യക്തമാണ്. സർക്കാർ പണം ചെലവഴിക്കുന്നിടത്ത് ശരിയായ നിർവ്വഹണം നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും വിധമുള്ള സംവിധാനം പഞ്ചായത്തിൽ രൂപപ്പെടുത്തേണ്ടതും തുക സർക്കാരിൽ അടവാക്കി വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-23 അതി ദരിദ്രർക്കും അഗതി രഹിതപദ്ധതിയിലുൾപ്പെട്ടവർക്കും പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്ത് 25.2.22 ൽ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച അതി ദരിദ്രരുടെ ലിസ്റ്റിൽ 87 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവരെ ദാരിദ്ര്യത്തിൽ നിന്നു കരകയറ്റുന്നതിന് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്നത് വളരെ മന്ദ ഗതിയിലാണ്. ഭവനം ആവശ്യമുള്ള 27 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും 8 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവന നിർമ്മണം ആരംഭിച്ചിട്ടുള്ളത്. ബാക്കി 19 ഗുണഭോക്താക്കൾക്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 57 പേർക്ക് വീട് റിപ്പയർ ആവശ്യ മുള്ളതിൽ 3 പേർക്ക് മത്രമാണ് നൽകിയിട്ടുള്ളത്. 2020 ൽ നിലവിൽ വന്ന അഗതി രഹിത കേരളം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ 107 ഗുണഭോക്താക്കൾ ഉണ്ട്. ഇതിൽ പദ്ധതി പ്രകാരം വിട് ആവശ്യമുള്ള 25 പേർക്ക് ഇതുവരെയും വീട് നിർമ്മിച്ച് നൽകിയിട്ടില്ല. വീട് റിപ്പയർ ആവശ്യമുള്ള 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടില്ല. അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 ടേക്ക് എ ബ്രേക്ക് - പ്രവർത്തന സജ്ജമായില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം. 1401/2020/ത.സ്വ.ഭ.വ. യിൽ ഈ

പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി കിഴക്കോത്ത് പഞ്ചായത്ത് 2021-22 ലാണ് ആദ്യ പദ്ധതി തയ്യാറാക്കിയത്. പഞ്ചായത്ത് പരിധിയിലെ എളേറ്റിൽ വട്ടോളി ബസ് സ്റ്റാന്റിലാണ് ഈ നിർമ്മാണം നടത്തിയിരിക്കുന്നത്. ആദ്യം തയ്യാറാക്കിയ പദ്ധതി വിവിധ കാരണങ്ങളാൽ റിവൈസ് ചെയ്താണ് നടപ്പാക്കിയത്. നിർമ്മാണം അപൂർണ്ണമായ കെട്ടിടം പൂർത്തീകരിക്കുന്നതിന് 2022-23 ൽ മറ്റൊരു പദ്ധതി രൂപീകരിച്ച് 2023-24 ൽ നടപ്പാക്കിയെങ്കിലും ആയതും വിവിധ കാരണങ്ങളുന്നയിച്ച് എസ്റ്റിമേറ്റ് പുതുക്കിയതിനാൽ ആദ്യ എസ്റ്റിമേറ്റിലെ ഭൂരിഭാഗം പ്രവൃത്തികളും ഒഴിവാക്കുകയാണുണ്ടായത്. നടപ്പു വർഷത്തിൽ വീണ്ടും കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം വരെ ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെന്ന് അറിയുന്നു.

ബസ് സ്റ്റാന്റിൽ നിലവിലുണ്ടായിരുന്ന ടോയ് ലെറ്റ് ഒഴിവാക്കിയാണ് ഈ നിർമ്മാണം നടത്തിയിട്ടുള്ളത്. അതുകൊണ്ടു തന്നെ ഈ നിർമ്മാണം പൂർത്തീകരിക്കാതെ നീണ്ടു പോകുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. സർക്കാർ നിർദ്ദേശിക്കുന്ന തരത്തിൽ ജനങ്ങൾക്ക് സേവനം ഉറപ്പാക്കും വിധം ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തീകരിക്കേണ്ടതും പ്രവർത്തന സജ്ജമായതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 അങ്കണവാടി അനുപൂരക പോഷകാഹാരം - Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ 29 അംഗൻവാടികളിലെ പ്രീ - സ്കൂൾ കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 3 വയസ്സു വരെയുള്ള കുട്ടികൾക്കും കൗമാര പ്രായക്കാരായ കുട്ടികൾക്കും പോഷകാഹാര വിതരണവും 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് അമൃതം പൊടിയും ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള പുതിയ മെനു പ്രകാരം പ്രാതൽ ഭക്ഷണം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ഗ്യാസ് റീഫില്ലിംഗ് ചാർജ്ജ് എന്നിവ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. (പ്രോജക്ട് നമ്പർ - 13/23 ) ഈ പ്രോജക്ട് പ്രകാരം അങ്കണവാടികളിൽ വരുന്ന കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിനായി NAVAJEEVAN FOOD PRODUCTS, YOGA SIDHA HERBAL PRODUCTS, SNEHA FOOD PRODUCTS എന്നിവയിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്.

2017 ലെ CGST Act സെക്ഷൻ 5(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും ഒരു ശതമാനം കുറവു ചെയ്യേണ്ടതാണ്. 2017 ലെ SGST Act സെക്ഷൻ 5(1) ലും ഇതിനു സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ CGST, SGST ഇനത്തിൽ ഒരു ശതമാനം വീതം (ആകെ 2 ശതമാനം വീതം ) ഈടാക്കാൻ വ്യവസ്ഥയുണ്ട്.

എന്നാൽ അംഗൻവാടി അനുപൂരക പോഷകാഹാര വിതരണത്തിനായി NAVAJEEVAN FOOD PRODUCTS, YOGASIDHA HERBAL PRODUCTS, SNEHA FOOD PRODUCTS എന്നിവർക്ക് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും മേൽപ്രകാരം ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

പ്രോജക്ട് പ്രകാരമുള്ള പോഷകാഹാര വിതരണത്തിൽ ഉൾപ്പെട്ട ന്യൂട്രിമിക്സിന്റെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - 13/23

പ്രോജക്ട് - അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി

വകയിരുത്തിയത് - 37,77,455

ചെലവ് - 35,77,455

| Bill No. | ന്യൂട്രിമിക്സ് | Invoice | സപ്ലൈ ചെയ്ത | ന്യൂട്രിമിക്സിന് | ഈടാ |
|---|---|---|---|---|---|

| Date, തുക | സപ്ലൈ ചെയ്ത സ്ഥാപനം | No. & Date | ന്യൂട്രിമിക്സിന്റെ Taxable Value | അനുവദിച്ച തുക (5% ജി.എസ്.ടി ഉൾപ്പടെ ) | ക്കേണ്ടിയിരുന്ന ജി. എസ്.ടി. ടി.ഡി. എസ് @ 2% |
|---|---|---|---|---|---|
| 74/ 7.11.22 - 4,20,829 | NAVAJEEVAN FOOD PRODUCTS | 212, 6.9.22 | 1,12,000 | 1,17,600 | 2,240 |
| 74/ 7.11.22 - 4,20,829 | NAVAJEEVAN FOOD PRODUCTS | 208, 16.8.22 | 1,01,185 | 1,06,244 | 2,024 |
| 302/ 23.3.23 – 5,22,251 | YOGASIDHA HERBAL PRODUCTS | 167, 23.3.23 | 94,150 | 98,857 | 1,883 |
| 95/ 15.3.23 – 2,14,687 | NAVAJEEVAN FOOD PRODUCTS | 230, 30.11.22 | 84,700 | 88,935 | 1,694 |
| 716/ 22.10.22 – 1,59,408 | NAVAJEEVAN FOOD PRODUCTS | 216, 30.9.22 | 71,750 | 75,337 | 1,435 |
| 615/ 27.7.22 – 11,70,779 | NAVAJEEVAN FOOD PRODUCTS | 201, 4.5.22 | 1,34,050 | 1,40,752 | 2,681 |
| 290/ 22.3.23 – 3,56,744 | YOGASIDHA HERBAL PRODUCTS | 163, 6.3.23 | 93,415 | 98,085 | 1,868 |
| 290/ 22.3.23 – 3,56,744 | SNEHA FOOD PRODUCTS | 139, 5.1.23 | 97,755 | 1,02,643 | 1,955 |
| | ആകെ | | | | 15,780 |

പോഷകാഹാര വിതരണത്തിനായി NAVAJEEVAN FOOD PRODUCTS, YOGASIDHA HERBAL PRODUCTS, SNEHA FOOD PRODUCTS എന്നിവർക്ക് മേൽപ്രകാരം തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/2022-23 തീയതി 24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 നിർമ്മാണ പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല – ഇൻഷ്വർ ചെയ്യാത്തവരിൽ നിന്നും പിഴ ഈടാക്കിയില്ല

നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭ തിയ്യതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്ട് ലയബിലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും

ഒറിജിനൽ കരാറുകാർ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷ്വറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ചു കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നു. ഇല്ലാത്ത പക്ഷം കരാർ തുകയുടെ 0.2% രൂപ ബില്ലിൽ നിന്നും കുറവു വരുത്തുന്നതാണ്.

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ ഒരു പ്രവൃത്തിയിലും ഇത്തരത്തിൽ ഇൻഷ്വറൻസ് ലഭ്യമാക്കിയിട്ടില്ല. കരാറുകാർക്ക് ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കുകയും ചെയ്തിട്ടില്ല. ബിഡ് ഡോക്യുമെന്റിലും, ലെറ്റർ ഓഫ് ആക്സപ്റ്റൻസിലും നിർദ്ദേശിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഇൻഷ്വറൻസ് എടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ മുഴുവൻ കരാറുകാരിൽ നിന്നും കരാർ മൂല്യത്തിനടിസ്ഥാനപ്പെടുത്തി പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിൽ അപാകത

നിർവ്വഹണം : അസി. സെക്രട്ടറി

അടങ്കൽ : 786000/- വികസനഫണ്ട് എസ്.സി.പി.

ചെലവ് : 786000/-

വിവിധ കോഴ്സുകളിലായി വിദ്യാഭ്യാസം നടത്തുന്ന പഞ്ചായത്ത് പരിധിയിലെ 39 കുട്ടികൾക്ക് മേൽ പദ്ധതി മുഖേന സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ സ്കോളർഷിപ്പ് തുക നൽകിയത് പൊതുവായ മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയല്ല എന്ന് കാണുന്നു.

ഒരേ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ്

സ്കോളർഷിപ്പ് ലഭിച്ച വിവിധ വിദ്യാർത്ഥികളുടെ വിശദാംശം പരിശോധിച്ചതിൽ ഒരേ വിഭാഗത്തിലുള്ള കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതായി കണ്ടു. ഉദാഹരണമായി, പോളിടെക്നിക് പഠിക്കുന്ന ചില വിദ്യാർത്ഥികൾക്ക് പരമാവധി തുകയായ 20,000/- രൂപ നൽകിയപ്പോൾ, അഭിരാം എ. ബി എന്ന വിദ്യാർത്ഥിയ്ക്ക് 15,000/- രൂപയും, പ്രണവ് എം. സി എന്ന വിദ്യാർത്ഥിയ്ക്ക് 19,000/- രൂപയുമാണ് നൽകിയത്.

കോഴ്സുകൾക്ക് സ്കോളർഷിപ്പ് നിരക്ക് നിശ്ചയിച്ചതിൽ അവ്യക്തത

28.5.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 115/2022/ത.സ്വ.ഭ.വ. ഖണ്ഡിക 7.2.4 ൽ വിവിധ കോഴ്സുകൾക്ക് നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് തുക സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നൽകിയ സ്കോളർഷിപ്പ് തുക പരിശോധിച്ചതിൽ ചില കോഴ്സുകൾക്ക് പരമാവധി തുക നൽകുകയും, ചില കോഴ്സുകൾക്ക് പരിമിതപ്പെടുത്തി നൽകിയ സ്ഥിതിയും കാണുന്നു. ഉദാഹരണമായി, എഞ്ചിനീയറിംഗ്, മറ്റു പ്രൊഫഷണൽ ബിരുദം പഠിക്കുന്ന കുട്ടികൾക്ക് 25,000/- രൂപ സ്കോളർഷിപ്പ് നൽകാമെന്നിരിക്കെ 20,000/- രൂപ നിരക്കിലാണ് ബി. ടെക്, ബി. ഫാം തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ ചെയ്യുന്ന കുട്ടികൾക്ക് അനുവദിച്ചത്. അതേ സമയം മറ്റു ബിരുദ വിദ്യാർത്ഥികൾക്ക് പരമാവധി തുകയായ 20,000/- രൂപ അനുവദിക്കുകയും ചെയ്തു.

മേൽ വിവരിച്ച വിധം വിവിധ കോഴ്സുകൾ തമ്മിലും, ഒരേ കോഴ്സ് ചെയ്യുന്ന വിവിധ വിദ്യാർത്ഥികൾ തമ്മിലും സ്കോളർഷിപ്പ് നൽകുന്നതിൽ വൈരുദ്ധ്യം/വിവേചനം ഉണ്ടായത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകയ്ക്ക് വിശദീകരണം നൽകേണ്ടതും, പദ്ധതികൾ നടപ്പാക്കുമ്പോൾ പൊതു മാനദണ്ഡം തീരുമാനിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം നിർവ്വഹണം നടത്തേണ്ടതുമാണ്.

## 1-28 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതിരുന്നതും മറ്റപാകതകളും

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് : മറിവീട്ടിൽതാഴം ചെറുമല വാട്ടർടാങ്ക് റോഡ് ആനപ്പാറപുറായിൽ സൈഡ് കെട്ട്, 87/23

അടങ്കൽ : 99,000 സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് : 98,326/- ബിൽ നം. 200/28.2.23

മേൽ റോഡിന്റെ നിശ്ചിത ചൈനേജിൽ കരിങ്കൽ സൈഡ് ഭിത്തി നിർമ്മിക്കുന്നതാണ് പ്രവൃത്തി.

ഫില്ലിംഗിനായി സബ്ഗ്രേഡ് നിർമ്മാണത്തിന്റെ ഇനം

കരിങ്കൽ സൈഡ് കെട്ടിന്റെയും റോഡിന്റെയും ഇടയിലുള്ള ചെറിയ വിടവിൽ (40cm മുതൽ 80cm വരെ വീതിയിൽ) മണ്ണ് ഫിൽ ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രൈസിലെ (മോർഡ്) ഇനം 3.14 ആണ്. അളവു പുസ്തക പ്രകാരം 18.319$m^3$ അളവിൽ ഈ പ്രവൃത്തി നടത്തിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിൽ അടിസ്ഥാന പ്രതലം (സബ്ഗ്രേഡ്) നിർമ്മിക്കുന്നതിനുള്ള ഈയിനം മണ്ണ് ഫില്ലിംഗിനായി ഉൾപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല.

കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

അളവു പുസ്തകം പ്രകാരം കരിങ്കൽ കെട്ടിനായി കുഴിയെടുക്കുന്നതിന് 3.336$m^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഈ മണ്ണ് കരിങ്കൽ കെട്ടിനു സമീപം ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതിരുന്നതിനാലുണ്ടായ അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-29 അഡ്വാൻസ് നൽകിയ തുകകൾ തിരികെ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല എന്ന് കണ്ടു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| അഡ്വാൻസ് ഇനം | ഗുണഭോക്താവ് | വർഷം | തുക |
|---|---|---|---|
| മഴക്കാല പൂർവ്വ ശുചീകരണം | 18 വാർഡുകളിലെ സാനിറ്റേഷൻ കമ്മറ്റി | 22-23 | 180000 |
| ഓണറേറിയം | സാക്ഷരതാ പ്രേരക് | 2021-22 | 55104 |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലുറപ്പ് പദ്ധതി അക്കൌണ്ട് | 22-23 | 1258851 |

അഡ്വാൻസുകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നു - ബാങ്ക് ചാർജ് ഇനത്തിൽ നഷ്ടം

ഗ്രാമ പഞ്ചായത്ത് പണമിടപാടുകൾ നടത്തുന്ന ബാങ്ക് അക്കൌണ്ടുകളുടെ വിശദാംശങ്ങൾ

പരിശോധിച്ചതിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിലൊന്നും വർഷങ്ങളായി ഇടപാടുകളൊന്നും നടക്കുന്നില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | ബാങ്ക് | 31.3.23 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1734101032714 ജലനിധി ന്യൂ | കാനറാ ബാങ്ക്, എളേറ്റിൽ | 172773 |
| 1734101021622 ജലനിധി ഓൾഡ് | കാനറാ ബാങ്ക്, എളേറ്റിൽ | 221382 |
| 3487101002070 പൈക്ക | കാനറാ ബാങ്ക്, കൊടുവള്ളി | 15563 |
| 1061012124735 എസ്.ജി.ആർ. വൈ | സ്റ്റേറ്റ് ബാങ്ക്, കൊടുവള്ളി | 1966 |
| 100411201000004 ഹൌസിങ്ങ് | കെ.ഡി.സി ബാങ്ക്, നരിക്കുനി | 190 |
| 30912795317 MP ഫണ്ട് | സ്റ്റേറ്റ് ബാങ്ക്, കൊടുവള്ളി | 8169 |

നിലവിൽ ഇടപാടുകളില്ലാത്ത, നിലവിലില്ലാത്ത പദ്ധതികൾക്ക് വേണ്ടി തുടങ്ങിയിരുന്ന അക്കൗണ്ടുകൾ നിലനിർത്തിയിട്ടുള്ളതിനും അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക തിരിച്ചടയ്ക്കുകയോ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പണമിടപാടുകളൊന്നും നടത്താത്തതുൾപ്പെടെയുള്ള താഴെ കാണിച്ച ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് Aus Charge In Cooperate Account, ബാങ്ക് മിനിമം ബാലൻസ് ചാർജ്, അക്കൗണ്ട് കീപ്പിങ്ങ് ചാർജ് മുതലായ ഇനങ്ങളിൽ വിവിധ തിയ്യതികളിലായി ബാങ്ക് ചാർജ്ജ് തുകകൾ ഈടാക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബാങ്ക് | തീയതി | തുക | റിമാർക്സ് |
|---|---|---|---|
| കാനറാ ബാങ്ക്, എളേറ്റിൽ – ജലനിധി ന്യൂ | 30-03-2023 | 590 | Aus Charge In Cooperate Account |
| കാനറാ ബാങ്ക്, എളേറ്റിൽ – ജലനിധി | 30-03-2023 | 590 | Aus Charge In Cooperate Account |

| | | | |
|---|---|---|---|
| ഓൾഡ് | | | |
| കാനറാ ബാങ്ക്, എളേറ്റിൽ – NREGS | 30-03-2023 | 590 | Aus Charge In Cooperate Account |
| കാനറാ ബാങ്ക്, കൊടുവള്ളി പൈക്ക | 7-11-22 | 590 | Aus Charge In Cooperate Account |
| സൌത്ത് ഇന്ത്യൻബാങ്ക്, തിരുവമ്പാടി – POS പെയ്മെന്റ് | 31.3.23 | 824.82 | Sib Pos Rent |
| SBI, കൊടുവള്ളി – MP ഫണ്ട് | 31.3.2023 | 500 | മിനിമം ബാലൻസ് ചാർജ്ജ് (7579 രൂപ നീക്കിയിരിപ്പുണ്ടായിരിക്കവേയാണ് ഈ ചാർജ് ഈടാക്കിയത് ) |
| | 12.3.23 | 649 | അക്കൌണ്ട് കീപ്പീങ്ങ് ചാർജ് |
| | 28.2.23 | 500 | മിനിമം ബാലൻസ് ചാർജ്ജ് |

പ്രാദേശിക സർക്കാർ ഇടപാടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നും ഇപ്രകാരം ബാങ്ക് ചാർജ് ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-31 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക നൽകിയില്ല**

28.05.22 ലെ സ.ഉ (കൈ)115/2022/LSGD ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ ചെലവ് തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് മാത്രമേ നൽകാൻ പാടുള്ളു എന്ന് നിർദ്ദേശമുണ്ട്. സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ചെലവ് തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകുന്നതിന് പകരം പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെ അക്കൌണ്ടിലേക്ക് തുക നൽകിയതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ

ചേർക്കുന്നു.

| പദ്ധതി | ബിൽ നമ്പർ, തിയ്യതി | റിമാർക്സ് |
|---|---|---|
| 136/23<br>ജീവ താളം | 280/17.3.23<br>20000 | സ്ക്രീനിങ്ങ് ക്യാമ്പിൽ പങ്കെടുത്തവർക്ക് ചായ വാങ്ങിയ ചെലവ് ജെ.എച്ച്.ഐ ശ്രീമതി. സുധയുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത് |
| 111/23<br>ബയോ വേസ്റ്റ് മാനേജ്മെന്റ് | 222/6.3.23<br>7472 | ഇമേജിന് നൽകിയ ഈ തുക ഡോക്ടറുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത് |

End കസ്റ്റമറുടെ അക്കൌണ്ടിലേക്കാണ് തുക നൽകേണ്ടത് എന്ന നിബന്ധന ഇവിടെ പാലിച്ചിട്ടില്ല. അത്യാവശ്യ ഘട്ടത്തിൽ ഇത്തരം ചെലവുകൾ വഹിക്കാൻ എച്ച്.എം.സി ഫണ്ട് ഉണ്ടെന്നിരിക്കെ ഇത്തരത്തിൽ ചെലവഴിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-32 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല**

ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ വർഷങ്ങളായി വിവിധ ഹെഡുകളിലായി ഉള്ള ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഡെപ്പോസിറ്റ് ഇനം | വർഷം | തുക |
|---|---|---|
| സപ്ലയേർസ് ഇ. എം. ഡി | 17-18 വരെയുള്ളത് | 9615 |
| ബിഡേഴ്സ് ഡെപ്പോസിറ്റ് | 17-18 വരെയുള്ളത് | 59000 |
| സപ്ലയേർസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 17-18 വരെയുള്ളത് | 18000 |
| ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 17-18 വരെയുള്ളത് | 10550 |
| 18-19 | 4600 | |
| അതർ ഡെപ്പോസിറ്റ് | 17-18 വരെയുള്ളത് | 613313 |
| കോൺട്രാക്ടേർസ് ഇ. എം. ഡി | 19-20 | 7900 |

നിലനിർത്തേണ്ടത് ഒഴികെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാത്തതിന്

വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകത പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ ഇനത്തിൽ അളവ് രേഖപ്പെടുത്തി - കരാറുകാരന് അധിക തുക ലഭിച്ചു

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് : പി.എച്ച്.സി. സബ്സെന്റർ നവീകരണം, 142/23

അടങ്കൽ : 2,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 1,99,340/- (81,878/- ബിൽ നം. 362/29.3.23

1,17,462/- ബിൽ നം. 42/30.6.23)

ആവിലോറ സബ്സെന്ററിന്റെ മുറ്റം ഷീറ്റിടുന്നതിനാണ് ഈ പദ്ധതി. ടെണ്ടർ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ ഹാഷിം എം. കെ എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നിർവ്വഹണം നടത്തി. പ്രവൃത്തി ഫയലും, അളവ് പുസ്തകവും പരിശോധിച്ചതിൽ ഷീറ്റിടുന്നതിനുള്ള റാഫ്റ്ററിന്റെ അളവ് തെറ്റായി ഷീറ്റിന്റെ ഇനത്തിൽ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റിൽ മൂന്നാമത്തെ ഇനമായി പ്രൈസിലെ 50.10.1 എന്നയിനവും (സ്റ്റീൽ വർക്കിന്), അഞ്ചാമത്തെ ഇനമായി OD യുമാണ് (പ്രീകോട്ടഡ് ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ്) ഉൾപ്പെടുത്തിയത്. 50.10.1 എന്നയിനത്തിൽ യഥാർത്ഥത്തിൽ 198.952 Kg സ്റ്റീലും, അഞ്ചാമത്തെ ഇനത്തിൽ 57.445$m^2$ അളവിൽ ഷീറ്റും ഉപയോഗിച്ചു. എന്നാൽ സ്റ്റീലിന്റെ അളവിൽ 67.6 Kg മാത്രം ഇനം 50.10.1 ൽ ഉൾപ്പെടുത്തുകയും, ബാക്കി 131.352 Kg അളവ് തെറ്റായി ഷീറ്റിന്റെ അളവിനൊപ്പം രേഖപ്പെടുത്തുകയും ചെയ്തു. ഇതു മൂലം ഷീറ്റിന്റെ അളവിൽ വർദ്ധനവുണ്ടാകുകയും, അധിക നിരക്കിൽ കരാറുകാരന് തുക നൽകുകയും ചെയ്തു. വിശദാംശം ചുവടെ കൊടുക്കുന്നു.

| യഥാർത്ഥ അളവ്/നൽകേണ്ട തുക | തെറ്റായി കണക്കാക്കിയത്/നൽകിയ തുക | വ്യത്യാസം |
|---|---|---|
| **സ്റ്റീൽ** | | |
| 67.6 Kg+ 131.352 Kg=198.952<br>198.952x 191.08=38015.75 | 67.6 Kg<br>67.6x 191.08= 12917.01 | 25098.74 (കുറവ്) |
| **ഷീറ്റ്** | | |
| 57.445$m^2$<br>57.445 X 603.02=34640.48 | 57.445$m^2$ + 131.352=188.797<br>188.797x 603.02=113848.37 | 79207.89 (അധികം) |
| ആകെ വ്യത്യാസം | | **54109.15/-** അധികം |

മേൽ വിവരിച്ച രീതിയിൽ കരാറുകാരന് അധികമായി **54,109/-** രൂപ **+ 18% GST** നൽകിയത് തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകത സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 3-2 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ തുക നൽകി

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രൊജക്റ്റ് : 27/23, ടേക്ക് എ ബ്രേക്ക്

അടങ്കൽ : 7,72,109/- കേന്ദ്രാവിഷ്കൃത ഫണ്ട്

ചെലവ് : 6,09,502/- വൗ. നം. 22200806/6.3.23

മേൽ പദ്ധതിയിൽ നിർമ്മിച്ച ടോയ് ലെറ്റിന്റെ എസ്റ്റിമേറ്റിലും, അളവു പുസ്തകത്തിലും ഒരു വാൾ മൗണ്ട് W.C, ഒരു യൂറോപ്യൻ ക്ലോസറ്റ് (പെഡസ്റ്റൽ ടൈപ്പ്), ഒരു ഇന്ത്യൻ W.C എന്നിങ്ങനെയാണ് ഉൾപ്പെടുത്തിയതും അളവു രേഖപ്പെടുത്തി തുക നൽകിയതും. ഇതിനായി ഉൾപ്പെടുത്തിയ ഇനങ്ങളും അവയുടെ നിരക്കും യഥാക്രമം 17.78 - 16407.87/-, 17.22 - 6088.84/-, 17.1.1 – 6421.62/- എന്നിവയാണ്. ഓഡിറ്റിന്റെ ഭാഗമായി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഈ നിർമ്മാണം 22.11.23 ന് നേരിൽ സന്ദർശിച്ചപ്പോൾ, ടോയ് ലെറ്റിൽ ഒരു ഇന്ത്യൻ W.C യും ഒരേ വിധത്തിലുള്ള രണ്ടു യൂറോപ്യൻ ക്ലോസറ്റുകളു (പെഡസ്റ്റൽ ടൈപ്പ്) മാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടു. എന്നാൽ രണ്ടു യൂറോപ്യൻ ക്ലോസറ്റിന്റെ നിരക്ക് 6164x2=12,328/- രൂപയ്ക്കു പകരം, 16612 + 6164 = 22776/- രൂപ (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്) കരാറുകാരന് നൽകി. ഇപ്രകാരം എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റ് നിരക്ക് നൽകിയതിനാൽ 10448/- രൂപ + 18% GST രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായി. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ WC സ്ഥാപിച്ചിട്ടും, ആയത് മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കാതെ അളവു പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ നടത്തിയത് വിശദീകരിക്കേണ്ടതാണ്. നേരിൽ പരിശോധിച്ച് അളവുകൾ രേഖപ്പെടുത്തുമ്പോൾ ഇത്തരത്തിലുള്ള വലിയ പിഴവുകൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത് പഞ്ചായത്തിൽ നടത്തിയ മറ്റു പ്രവൃത്തികളുടെ കാര്യത്തിലും ആശങ്കയുണ്ടാക്കുന്നു. കേവലം സാധാരണക്കാർക്കു പോലും ക്ലോസറ്റുകൾ തമ്മിലുള്ള ഈ വ്യത്യാസം മനസ്സിലാകുമെന്നിരിക്കെ സാങ്കേതിക ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ ഈ വീഴ്ച ഓഡിറ്റ് ഗുരുതരമായി വിലയിരുത്തുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-3 പി.എച്ച്.സി.സബ്സെന്റർ ചുറ്റുമതിൽ – തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

സബ്സെന്ററിന് ചുറ്റുമതിൽ നിർമ്മാണത്തിനായി 3,00,000 രൂപ സംരക്ഷണഗ്രാന്റ് റോഡിതരം അടങ്കലിൽ തയ്യാറാക്കിയതാണ് ഈ പ്രോജക്റ്റ്. ഈ പദ്ധതിയ്ക്കായി ബിൽ നം. 358/28.3.23 പ്രകാരം 2,99,972/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ/പ്രവൃത്തികൾ Dismantling DR, Earth Work, DR Masonry, Intermediate Belt, Solid Block Masonry, Plastering, Applying Primer എന്നിവയാണ്. ടെണ്ടർ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തിയേൽപ്പിച്ചു. പ്രവൃത്തി നടന്നു വരവേ എസ്റ്റിമേറ്റ് പുതുക്കുകയും, ആയതിനനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ആദ്യ എസ്റ്റിമേറ്റിൽ നിന്നുള്ള പ്രധാനമായ മാറ്റങ്ങൾ ഇവയാണ്. (1) Dismantling DR ഉം, പൊളിച്ചെടുത്ത കല്ലുപയോഗിച്ചുള്ള കരിങ്കൽ കെട്ടും ഒഴിവാക്കി. (2) കരിങ്കൽ കെട്ടിനിടയിൽ ബെൽറ്റ് നിർമ്മാണത്തിനുള്ള സ്റ്റീലിന്റെ അളവിൽ വൻവർദ്ധനയുണ്ടായി. (82.5 Kg എന്നത് 184.314 Kg ആയി) (3) സാധാരണ മണ്ണിൽ കിളയെടുക്കുന്നതിനു പുറമേ ഒന്നര മുതൽ നാലു മീറ്ററോളം ഉയരത്തിൽ ഹാർഡ് റോക്കിൽ ബ്ലാസ്റ്റിംഗ് നടത്തുന്ന പ്രവൃത്തി

ഉൾപ്പെടുത്തി. പദ്ധതി ഫയൽ, അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങളിൽ അവ്യക്തത കണ്ടു.

- 13.3.23 ലെ 16(1) നമ്പർ തീരുമാനപ്രകാരമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിന് അംഗീകാരം ഭരണസമിതി നൽകിയത്. ഇതിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന്റെ കാരണമായി രേഖപ്പെടുത്തിയത് ഫൗണ്ടേഷന്റെ എർത്ത് വർക്ക് 30cm കട്ടിംഗ് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും, സൈറ്റിൽ 3 മീറ്ററിൽ കൂടുതൽ ഉയരത്തിൽ എർത്ത് വർക്ക് കട്ടിംഗ് ആവശ്യമായി വന്നതിനാൽ കൂടുതലായി വന്ന അളവ് ഉൾപ്പെടുത്തി പുതുക്കുന്നുവെന്നാണ്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഹാർഡ് റോക്ക് ബ്ലാസ്റ്റിംഗ് ആണ്.
- ഇ- എം ബുക്ക് പ്രകാരം 54.375m$^3$ അളവിൽ ഹാർഡ് റോക്ക് പൊട്ടിച്ചിട്ടുണ്ട്. എന്നാൽ പൊട്ടിച്ചെടുത്ത കല്ലിന്റെ സ്റ്റാക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ഈ കല്ല് കരിങ്കൽ കെട്ട് നിർമ്മാണത്തിൽ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.
- ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ Dismantling DR ഒഴിവാക്കാനുണ്ടായ കാരണവും, ബെൽറ്റ് നിർമ്മാണത്തിൽ സ്റ്റീലിന്റെ അളവ് വർദ്ധിക്കാനുണ്ടായ കാരണവും എസ്റ്റിമേറ്റ് പുതുക്കിയ സാഹചര്യത്തിൽ വിശദീകരിച്ചിട്ടില്ല.
- എസ്റ്റിമേറ്റുകൾ സ്ഥലപരിശോധന നടത്തിയാണ് തയ്യാറാക്കുന്നത്. ഈ പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വലിയ അളവിലുള്ള ഹാർഡ് റോക്ക് എസ്കവേഷൻ ശ്രദ്ധയിൽപ്പെടാതിരുന്നതെന്തുകൊണ്ടാണെന്നും വ്യക്തമല്ല.

മേൽ അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി സ്ഥലം 22.11.23 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് ഹാർഡ് റോക്കിന്റെ സാന്നിദ്ധ്യമില്ലെന്നും, നിർമ്മാണത്തിന് വേണ്ടി വന്നത് മൺത്തിട്ട ഒഴിവാക്കലാണെന്നും ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ മൺത്തിട്ട ഒഴിവാക്കുന്നതിന് ഹാർഡ് റോക്ക് എസ്കവേഷന്റെ (ബ്ലാസ്റ്റിംഗ്) ഇനം ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈയിനത്തിൽ താഴെ ചേർക്കും വിധം പഞ്ചായത്തിന് അധികചെലവുണ്ടായി.

| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം/ചെലവായ തുക | യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ടയിനം/വരുമായിരുന്ന ചെലവ് | അധികമായി ചെലവഴിച്ചത് |
|---|---|---|
| 2.7.2 @722.11<br>54.375m$^3$ X722.11=39264.73 | 2.6.1 (മണ്ണ് കട്ടിംഗ് ആയതിനാൽ) @ 215.37<br>54.375m$^3$ X215.37=11710.74 | 27554/- |

മുകളിൽ വിവരിച്ച പ്രകാരം അധികം ചെലവഴിച്ച 27,554/- രൂപ + 18% GST തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 പി.എച്ച്.സി യിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പദ്ധതി - 109/23

ചെലവ് - 259292/- (മെയിന്റനൻസ് ഗ്രാന്റ്)

ബിൽ - 258192-113/31.12.22, 1100-268/15.3.23

പി.എച്ച്.സിയിൽ 3 Kwp ഉള്ള സൗരോർജ നിലയം സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിനായി താഴെ കാണിച്ച പ്രകാരം 2,58,192/- അനെർട്ടിന് പദ്ധതിനിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്.

| | |
|---|---|
| പവർ പ്ലാന്റിന്റെ ചെലവ് (65000x3kwp) | 195000 |
| കെ.എസ്.ഇ.ബി അനുമതി റജിസ്ട്രേഷൻ | 4720 |
| ഗോവണി നിർമ്മാണം | 25000 |
| മറ്റ ചെലവുകൾ | 10000 |
| സർവ്വീസ് ചാർജ് | 23472 |
| ആകെ | 258192 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) അനെർട്ട് 17.12.22 ൽ മെഡിക്കൽ ഓഫീസർക്കയച്ച കത്ത് നമ്പർ 10/spv-gen/anert/kkd-22-23 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ സൌരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ചെലവിന്റെ 10% അനെർട്ട് ഇൻസെന്റീവ് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. 2023 ഫെബ്രുവരിയ്ക്ക് മുൻപെ അനെർട്ടിന്റെ ജില്ലാ കാര്യാലയം മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി സ്ഥാപിക്കുന്ന സോളാർ നിലയങ്ങൾക്കാണ് ഇൻസെന്റീവ് ലഭിക്കുക. ഇവിടെ ഇൻസെന്റീവ് ആയി 25,819/- രൂപ അനെർട്ടിൽ നിന്നും ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2) സോളാർ പാനൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സ്റ്റോക്ക് എന്നിവ ഹാജരാക്കിയില്ല.

3) പ്ലാന്റിൽ നിന്നും വൈദ്യുതി ലഭ്യമാകുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിയിൽ 1,100/- രൂപ വൈദ്യുതി ബിൽ ഈ പദ്ധതിയിൽ നിന്ന് അടച്ചിട്ടുള്ളത് എന്തിനാണെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 25,819/- രൂപ ഈടാക്കി സർക്കാർ ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 17-11-23 മുതൽ 24-11-23 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 682300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 682300 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 323852 | ഭവനനിർമ്മാണം (ലൈഫ് മിഷൻ) ജനറൽ | 323852 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50000 | മിൽക്ക് ഇൻസെന്റീവ് | 50000 |
| ആകെ | | 1056152 | | 1056152 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 240000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 240000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 50000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 180000 | ഭവനനിർമ്മാണം (ലൈഫ് മിഷൻ) പട്ടികജാതി | 180000 |
| ആകെ | | 470000 | | 470000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | തൻ | വർഷാരം | തൻവർഷം | വർഷാ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നം | വർഷത്തെ വായ്പ തുക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | -- | 0 | 1944000 | 941474 | 0 | 1002526 |

## 4-6 സ്ഥിര നിക്ഷേപം

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1323013 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 5099225 |
| ആകെ | 6422238 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6422238 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച നം./ തിയതി | തുക |
|---|---|---|---|
| 1 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 001001009461/ 30.07.22 | 593434 |
| 2 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 0201000760/ 22.2.23 | 345521 |
| 3 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 0201000761/ 22.2.23 | 483283 |
| 4 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 002001003262/ 4.7.23 | 1000000 |
| 5 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 002001003263/ 4.7.23 | 1000000 |
| 6 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 002001003264/ 4.7.23 | 1000000 |
| 7 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 002001003265/ 4.7.23 | 1000000 |
| 8 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 002001003266/ 4.7.23 | 500000 |
| 9 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 002001003267/ 4.7.23 | 500000 |
| | ആകെ | | 6422238 |

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 27, 29 | 2003-04 (പൊതു പരാമർശം) | 11.13.7.9 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി-അപാകതകൾ | " |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | -ടി- | " |
| 2015-16 | 3-11 | 2016-17 | 4.2.1 | പുറമ്പോക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതൾ | " |
| 2019-20 | 1-6.1 | 2020-21 | അനുബന്ധം 1-1 | പെൻഷൻ അപേക്ഷകൾ | " |
| 2019-20 | 1-36 | 2020-21 | 1.3.5 | അങ്കണവാടി കുടിവെള്ളം | " |
| 2019-20 | 1-31 | 2020-21 | അനുബന്ധം2 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) ചെലവുകൾ | " |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്തം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51018133 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47753890 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 134511 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2033085 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 63849 | ശ്രീമതി. ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 12329 | ശ്രീമതി. ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 32514 | ശ്രീമതി. ജീന കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 25819 | ഡോ. സുനിൽ കുമാർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | - | 134511 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,05,000 | ശ്രീ. അൻസു ഒ. എ, സെക്രട്ടറി |
| 1-15 | 3,582 | ഡോ. സുനിൽ കുമാർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-16 | 2,55,475 | ഡോ. ഷാഹിദ് , മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-17 | 97,128 | ശ്രീ. സന്ദൂപ്. വി, വി.ഇ.ഒ |
| 1-18 | 2,04,900 | ശ്രീ. സന്ദൂപ്. വി, വി.ഇ.ഒ |
| 1-19 | 3,50,000 | ഡോ. വിക്രാന്ത് വി, വെറ്റിനറി സർജൻ |
| 1-20 | 8,17,000 | ശ്രീ. സന്ദൂപ് വി, വി.ഇ.ഒ |
| **ആകെ** | 20,33,085 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക – 1-25 –ജി.എസ്.ടി. ടി.ഡി.എസ് - 15,780

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അൻസു ഒ. | സെക്രട്ടറി, | കളരിക്കൽ |

| | | |
|---|---|---|
| എ, സെക്രട്ടറി | കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | (ഹൗസ്), അതിരമ്പുഴ കോട്ടയം |
| ഡോ. സുനിൽ കുമാർ , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), കിഴക്കോത്ത് | ശാന്തി നിലയം, കളൻതോട് (പി.ഒ), കോഴിക്കോട് - 673601 |
| ശ്രീമതി. ജീന കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പനങ്ങാട് ഗ്രാമപഞ്ചായത്ത് | കേദാർ, കരിങ്ങാളി മഠം പറമ്പ്, മക്കട പി. ഒ, കക്കോടി |
| ഡോ. ഷാഹിദ്, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി, എളേറ്റിൽ | തൊട്ടുകയിൽ (വീട്), മടവൂർ (പി. ഒ), കോഴിക്കോട് - 673585 |
| ശ്രീ. സന്ദീപ് വി, വി.ഇ.ഒ | വി.ഇ.ഒ, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | ശാന്തി നിലയം, വെള്ളിപറമ്പ്, കോഴിക്കോട്, 673008 |
| ഡോ. വിക്രാന്ത് വി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | പുൽപ്പറമ്പിൽ വീട്, പോലൂർ, കോണോട്ട് (പി.ഒ), കുന്ദമംഗലം, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി-2/673/22(2)/ 27.09.22 | 3-8, 4-1 | 2 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി-2/673/22(3)/ 27.09.22 | 2-2 | 1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി-2/673/22(4)/ 27.09.22 | 2-3, 3-11 | 2 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി-2/673/22(5)/ 27.09.22 | 2-8, 3-1, 3-2, 3-3(6), 3-8, 3-14, 4-9 | 7 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-2/610/22(1)/ 27.09.22 | 2-1, 2-3, 2-4, 3-2, 3-4, 3-5, 3-6(3), 3-12 , 4-10 | 9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി-2/610/22(2)/ 27.09.22 | 1-14, 1-15, 1-20, 1-26, 1-29(1), 2-2, 3-1, 4-10 | 8 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി-2/2008/22/ 01.06.23 | 1-6(1),1-15,1-18,1-19,1-20, 1-23,1-25,1-30,1-31, 1-32, 1-33,1-34,1-35,1-36, 2-1,2-2,3-1,4-11 | 16 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി-2/874/22/ 23.06.23 | 1-1,1-2-1(1,2,3,4,5,6), 1-10, 1-12, 1-13, 1-14, 1-15,1-16, 1-20,1-21,1-23,1-26, 1-27(1,2,3,5,6,7,8),1-28, 1-29,1-30,1-32,1-34(1,2), 1-35,2-1, 3-1,4-3,4-11 | 23 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി-2/2443/22/ 24.05.23 | 1-1,1-4-1, 1-9,1-10,1-11,1-12, 1-13,1-14,1-15,1-16 ,1-17,1-18,1-19,1-20, 1-21,1-22, 1-23,1-24,1-25,1-26, 1-27,1-28, 1-29, 1-30,1-31, 1-32, 1-33,1-34,1-35, 1-36,4-11 | 31 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 01-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kizhakkoth Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kizhakkoth Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kizhakkoth Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Tender Fee has not been credited to the Own Fund Account.

2.E-pay amount is not credited to the account in time.

3.Accounts details not included in AFS.

4.Bank reconcilliation statemement of old treasury account not prepared.

5.Bank book balance not match with passbook balace.

6.The following mandatory financial statements prescribed in accounting rules are not submitted for audit (eg:- Ratios and Notes)

7.Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of
cash and cash equivalents.

8.No timely demand entry.

9.Asset register not updated.

10.Physical verification certificate of closing stock has not been recorded.

11.The unspent grant amount does not tally with the bank account balance opened for this purpose.
12.ACR details mismatch with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്